# സാമൂഹ്യശാസ്ത്രം – I

## അധ്യായം : 1 ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

## ഫോക്കസ് ഏരിയ നോട്ട്

### അമേരിക്കൻ സ്വാതന്ത്ര്യസമരം

1. കാരണങ്ങൾ : a. ഇംഗ്ലീഷുകാരുടെ തെറ്റായ നികുതി നയം b. മെർക്കന്റലിസ്റ്റ് നിയമങ്ങൾ c. ചിന്തകന്മാരുടെ സ്വാധീനം
2. മുദ്രാവാക്യം – പ്രാതിനിധ്യമില്ലാതെ നികുതിയില്ല (ജെയിംസ് ഓട്ടിസ്)
3. മറ്റ് ചിന്തകന്മാർ : a.ജോൺ ലോക്ക് – മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട് .അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.
   b.തോമസ് പെയിൻ : ഏതെങ്കിലും വിദേശശക്തിക്ക് ഈ വൻകര ദീർഘകാലം കീഴടങ്ങിക്കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല.
4. മെർക്കന്റലിസം :
   അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുള്ള സ്ഥലമായും ഉല്പന്നങ്ങൾ വിൽക്കാനുള്ള കമ്പോളമായും ഇംഗ്ലീഷ് കച്ചവടക്കാർ അമേരിക്കൻ കോളനികളെ കണ്ടു.ഈ നയമാണ് മെർക്കന്റലിസം.
5. മെർക്കന്റലിസ്റ്റ് നിയമങ്ങൾ :
   a. കോളനിയുടെ വ്യാപാര വാണിജ്യങ്ങൾക്ക് ഇംഗ്ലീഷ് കപ്പലുകളോ കോളനികളിൽ നിർമ്മിച്ച കപ്പലുകളോ ഉപയോഗിക്കണം.
   b. കോളനികളിൽ ഉല്പാദിപ്പിക്കുന്ന പഞ്ചസാര,പരുത്തി,കമ്പിളി,പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
   c. കോളനിരേഖകളിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
   d. കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ താമസസൗകര്യങ്ങൾ കോളനിക്കാർ നൽകണം
   e. കോളനികളിൽ ഇറക്കുമതി ചെയ്യുന്ന തേയില,ഗ്ലാസ്,കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നല്കണം
6. പ്രധാന സംഭവങ്ങൾ
   1774 – ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സ്(ഫിലാഡൽഫിയ) – വ്യാപാരനിയന്ത്രണങ്ങൾ,നികുതി ചുമത്തൽ എന്നിവയെക്കുറിച്ച് ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.
   1775 – രണ്ടാംകോണ്ടിനെന്റൽ കോൺഗ്രസ്സ്(ഫിലാഡൽഫിയ)–ജോർജ് വാഷിങ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.
   1776 ജൂലൈ 4 – അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ്സ് ലോകപ്രശസ്തമായ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. തയ്യാറാക്കിയത് – തോമസ് ജെഫേഴ്സൺ , ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
   1781 – ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിലുള്ള യുദ്ധം അവസാനിച്ചു.
   1783 – പാരിസ് ഉടമ്പടി –ഇംഗ്ലണ്ട് 13 കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.
7. അമേരിക്കൻ ഭരണഘടന തയ്യാറാക്കിയത് – ജയിംസ് മാഡിസൺ
8. അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റ് – ജോർജ് വാഷിങ്ടൺ
9. അമേരിക്കൻ വിപ്ലവം ലോകചരിത്രത്തിലുണ്ടാക്കിയ സ്വാധീനമെന്ത് :
   a. പില്ക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നല്കി
   b. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി c. റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവച്ചു
   d. ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി e. ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി

### ഫ്രഞ്ചുവിപ്ലവം

1. ഫ്രഞ്ചുവിപ്ലവം കാരണങ്ങൾ :
   a. ലൂയി രാജാക്കന്മാരുടെ ഏകാധിപത്യഭരണം b. ഭരണാധികാരികളുടെ ആഡംബരജീവിതം
   c. സാമൂഹിക സാമ്പത്തിക അസമത്വം d. ചിന്തകന്മാരുടെ സ്വാധീനം
2. മുദ്രാവാക്യം – സ്വാതന്ത്ര്യം,സമത്വം,സാഹോദര്യം
3. ഫ്രഞ്ച് സമൂഹം :

| ഒന്നാം എസ്റ്റേറ്റ് | രണ്ടാം എസ്റ്റേറ്റ് | മൂന്നാം എസ്റ്റേറ്റ് |
|---|---|---|
| പുരോഹിതന്മാർ ,ഭൂവുടമകൾ<br>നികുതി നൽകേണ്ട<br>ഭരണത്തിലും സൈന്യത്തിലും ഉയർന്ന പദവി വഹിച്ചു | പ്രഭുക്കന്മാർ ,ഭൂവുടമകൾ<br>നികുതി നൽകേണ്ട<br>ആഡംബരജീവിതം നയിച്ചു<br>സൈനികസേവനം നടത്തി | മധ്യവർഗം,<br>എല്ലാ നികുതിയും നൽകണം<br>ഭരണത്തിൽ ഒരവകാശവുമില്ല<br>താഴ്ന്ന സാമൂഹിക പദവി |

4. ചിന്തകന്മാർ – വോൾട്ടയർ, റൂസ്സോ, മൊണ്ടെസ്ക്യൂ
5. ഫ്രാൻസിലെ ജനപ്രതിനിധി സഭ – സ്റ്റേറ്റ്സ് ജനറൽ
6. കോമൺസ് എന്നറിയപ്പെട്ടത് – മൂന്നാം എസ്റ്റേറ്റ് (ഫ്രാൻസിലെ ദേശീയ അസംബ്ലി എന്ന് പേരു മാറ്റി )
7. ടെന്നിസ് കോർട്ട് പ്രതിജ്ഞ – മൂന്നാം എസ്റ്റേറ്റുകാർ അടുത്തുള്ള ഒരു ടെന്നിസ് കോർട്ടിൽ സമ്മേളിച്ച് ഫ്രാൻസിന് ഒരു പുതിയ ഭരണഘടന തയ്യാറാക്കിയശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് പ്രതിജ്ഞ ചെയ്തു.ഇതാണ് ടെന്നിസ് കോർട്ട് പ്രതിജ്ഞ.

RATHEESH CV GHSS PERIKKALLOOR WAYANAD

8. പ്രധാന സംഭവങ്ങൾ

1789 ജൂലൈ 14 – വിപ്ലവകാരികൾ ബൂർബൻ രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റിൽ ജയിൽ തകർത്തു

1789 ആഗസ്റ്റ് 12 – ദേശീയ അസംബ്ലി മനുഷ്യാവകാശപ്രഖ്യാപനം പാസ്സാക്കി

1789 ഒക്ടോബർ – പാരീസ് നഗരത്തിലെ സ്ത്രീകൾ ഭക്ഷണം വേണം എന്ന മുദ്രാവാക്യവുമായി വെഴ്സായ് കൊട്ടാരത്തിലേക്ക് പ്രകടനം നടത്തി

1789 സെപ്റ്റംബർ – ദേശീയ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു

9. നെപ്പോളിയന്റെ പരിഷ്കാരങ്ങൾ :

1. കർഷകരെ ഭൂവുടമകളാക്കി 2.ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു 3. പുരോഹിതരെയും സഭയേയും നിയന്ത്രിച്ചു.

4. പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു 5. പുതിയ നിയമസംഹിത ഉണ്ടാക്കി.

10. ഫ്രഞ്ചുവിപ്ലവം മുന്നോട്ടുവച്ച ആശയങ്ങൾ :

a. മധ്യവർഗ്ഗത്തിന്റെ ഉയർച്ച b. ഫ്യൂഡലിസത്തിന്റെ അന്ത്യം c. ദേശീയത

11. ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വാധിനം :

a. ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി b. മധ്യവർഗ്ഗത്തിന്റെ വളർച്ചയെ സഹായിച്ചു

c. യൂറോപ്പിൽ നിലനിന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണിയുയർത്തി

d. പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു

e. യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി f. ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക നൽകി.

12. നെപ്പോളിയന് അധികാരം നഷ്ടപ്പെടാൻ ഇടയാക്കിയ യുദ്ധം – വാട്ടർ ലൂ യുദ്ധം ( 1815) യൂറോപ്യൻ സഖ്യസൈന്യം വിജയിച്ചു.

## റഷ്യൻ വിപ്ലവം

1. റഷ്യൻ വിപ്ലവം കാരണങ്ങൾ :

a. സർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം b. കർഷകരുടെയും തൊഴിലാളികളുടെയും ദുരിതജീവിതം

c. കർഷകരുടെ വലിയ നികുതിഭാരം d. കാർഷിക –വ്യാവസായിക ഉല്പാദനക്കുറവ്

e. വ്യവസായങ്ങൾ വിദേശികളുടെ നിയന്ത്രണത്തിലായിരുന്നു f.ചിന്തകന്മാരുടെ സ്വാധീനം

2. ചിന്തകന്മാരും,എഴുത്തുകാരും

a. മാക്സിം ഗോർക്കി,ലിയോ ടോൾസ്റ്റോയി,ഇവാൻ തുർഗനേവ്,ആന്റൻ ചെക്കോവ് – എഴുത്തുകാർ

b. കാൾ മാർക്സ് ,ഫ്രെഡറിക് ഏംഗൽസ് – ചിന്തകന്മാർ

3. മാർക്സിസ്റ്റ് ആശയങ്ങളിൽ അധിഷ്ഠിതമായി റഷ്യയിൽ രൂപം കൊണ്ട പാർട്ടി –സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി.

4. ഈ പാർട്ടി വിഭജിച്ചുണ്ടായ പാർട്ടികൾ – മെൻഷെവിക്കുകൾ (ന്യൂനപക്ഷം) – അലക്സാണ്ടർ കെറൻസ്കി
ബോൾഷെവിക്കുകൾ (ഭൂരിപക്ഷം) – ലെനിൻ ,ട്രോട്സ്കി

5. രക്തരൂക്ഷിതമായ ഞായറാഴ്ച – രാഷ്ട്രീയാവകാശങ്ങളും സാമ്പത്തികപരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് 1905 ജനവരി 9 ന് പ്രകടനം നടത്തി.ഇതിനുനേരെ പട്ടാളം വെടിവച്ചു.നൂറുകണക്കിന് തൊഴിലാളികൾ കൊല്ലപ്പെട്ട ഈ സംഭവമാണ് രക്തരൂക്ഷിതമായ ഞായറാഴ്ച.

6. സോവിയറ്റുകൾ – സമരം നടത്താൻ രൂപീകരിച്ച തൊഴിലാളി സംഘങ്ങൾ

7. ദൂമ – സമരത്തെതുടർന്ന് റഷ്യയിൽ രൂപീകരിച്ച നിയമനിർമ്മാണ സഭ

8. ഫെബ്രുവരി വിപ്ലവം : 1917 ൽ ഭക്ഷ്യദൗർലഭ്യം രൂക്ഷമായി, മാർച്ച് 8 ന് സ്ത്രീകൾ റൊട്ടിക്കുവേണ്ടി പ്രകടനം നടത്തി. പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധപ്രകടനം നടത്തി,സൈനികരും തൊഴിലാളികളോടൊപ്പം ചേർന്നു ,പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു ,ചക്രവർത്തി നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിയുകയും റഷ്യയിൽ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ താൽക്കാലിക ഗവൺമെന്റ് നിലവിൽ വരുകയും ചെയ്തു.ഇതാണ് ഫെബ്രുവരി വിപ്ലവം.

9. ഒക്ടോബർ വിപ്ലവം : 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിന് എതിരെ സായുധ കലാപമാരംഭിച്ചു.കെറൻസ്കി രാജ്യം വിട്ടുപോകുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു. ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവമാണ് ഒക്ടോബർ വിപ്ലവം.

| ഫെബ്രുവരി വിപ്ലവം –1917 മാർച്ച് 8 , ഫലങ്ങൾ | ഒക്ടോബർ വിപ്ലവം – 1917 നവംബർ ,ഫലങ്ങൾ |
|---|---|
| സർ ചക്രവർത്തിഭരണം അവസാനിച്ചു<br>മെൻഷെവിക്കുകൾക്ക് അധികാരം ലഭിച്ചു<br>ഒന്നാം ലോകയുദ്ധത്തിൽനിന്ന് റഷ്യ പിന്മാറിയില്ല<br>പ്രഭുക്കന്മാർ ഭൂവുടമകളായി തുടർന്നു<br>പൊതുഉടമസ്ഥതയ്ക്ക് പ്രാധാന്യം നൽകിയില്ല | ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ചു<br>ഒന്നാം ലോകയുദ്ധത്തിൽനിന്ന് റഷ്യ പിന്മാറി<br>ഭൂമി കർഷകർക്ക് വിതരണം ചെയ്തു<br>ഫാക്ടറികൾ,ബാങ്കുകൾ,ഗതാഗതസൗകര്യങ്ങൾ,<br>വിദേശവ്യാപാരം എന്നിവ പൊതു ഉടമസ്ഥതയിലാക്കി. |

10. റഷ്യൻവിപ്ലവത്തിന്റെ ഫലങ്ങൾ :

a. കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി b. റഷ്യ സാമ്പത്തിക – ശാസ്ത്ര – സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു.

c. 1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു d. സോവിയറ്റ് യൂണിയൻ (USSR) രൂപീകരിക്കപ്പെട്ടു

e. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപിച്ചു.

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. നവോത്ഥാനം സവിശേഷതകൾ : a. മാനവികത b. യുക്തിചിന്ത c. അന്വേഷണ കൗതുകം d. വിമർശന ബുദ്ധി

RATHEESH CV GHSS PERIKKALLOOR WAYANAD

2. ലാറ്റിനമേരിക്കൻ ജനജീവിതത്തിൽ യൂറോപ്യൻ കോളനിവൽക്കരണം വരുത്തിയ മാറ്റങ്ങൾ :
   a. കോളനികളിലെ ധനിവിഭവങ്ങൾ കൊള്ളയടിക്കപ്പെട്ടു   b. വാണിജ്യനിയന്ത്രണങ്ങൾ ഏർപ്പെടുത്തി.
   c. കോളനിജനതയോട് വംശീയ വിവേചനം പുലർത്തി   d.കോളനിക്കാരെ തോട്ടങ്ങളിൽ അടിമകളാക്കി പണിയെടുപ്പിച്ചു.
3. യൂറോപ്യന്മാരുടെ ലാറ്റിനമേരിക്കൻ കോളനിവൽക്കരണത്തിന്റെ ഫലങ്ങൾ :
   a. തദ്ദേശീയ സംസ്കാരങ്ങൾ നശിപ്പിക്കപ്പെട്ടു.   b. യൂറോപ്യൻ ഭാഷയും,മതവും,ആചാരവും പ്രചരിപ്പിച്ചു
   c. സ്പാനിഷ് ശൈലിയിലുള്ള വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു   d. സ്പാനിഷ് വിദ്യാഭ്യാസത്തിന് വിദ്യാലയങ്ങൾ ആരംഭിച്ചു
4. ചൈനീസ് വിപ്ലവം :
   a. 1911 ൽ ഡോ.സൻയാത് സെന്നിന്റെ നേതൃത്വത്തിൽ ചൈനയിൽ വിപ്ലവം നടന്നു.ഇത് രാജവാഴ്ചയ്ക്ക് അന്ത്യം കുറിച്ചു.
   b. ദക്ഷിണ ചൈനയിൽ സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.
   c. 1921 ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു.
   d. 1925 ൽ സൻയാത് സെൻ മരിച്ചു.ചിയാങ് കൈഷക് കുമിന്താങ് നേതാവായി.മാവോ സെ തുംഗ് കമ്മ്യൂണിസ്റ്റ് നേതാവായി. കൈഷക് ചൈനയിൽ സൈനിക ഏകാധിപത്യഭരണത്തിന് തുടക്കം കുറിച്ചു.
   e. 1934 ൽ മാവോയുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റുകാർ ലോങ് മാർച്ച് സംഘടിപ്പിച്ചു. ചുവപ്പുസേന കുമിന്താങ് ഭരണകേന്ദ്രം പിടിച്ചെടുത്തു.കൈഷക് തായ് വാനിൽ അഭയം തേടി.
   f. 1949 ഒക്ടോബർ 1 ന് ചൈന മാവോയുടെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക്കായി.
5. ബോക്സർ കലാപം :
   വിദേശ ഇടപെടലിനും ആധിപത്യത്തിനും അനുകൂലനിലപാടു സ്വീകരിച്ച ചൈന ഭരിച്ച മഞ്ചു രാജവംശത്തിനെതിരെ ചൈനയിലെ ചില രഹസ്യ സംഘടനകൾ 1900 ൽ കലാപം സംഘടിപ്പിച്ചു.ബോക്സർമാരുടെ മുഷ്ടിയായിരുന്നു ആവരുടെ മുദ്ര.അതിനാൽ ഇത് ബോക്സർ കലാപം എന്നറിയപ്പെടുന്നു.

## അധ്യായം : 2    ലോകം ഇരുപതാം നൂറ്റാണ്ടിൽ

## ഫോക്കസ് ഏരിയ നോട്ട്

**1. ഒന്നാം ലോക യുദ്ധം കാരണങ്ങൾ :**
   **a. സൈനികസഖ്യങ്ങൾ – ത്രികക്ഷിസഖ്യം , ത്രികക്ഷി സൗഹാർദ്ദം**
   **b. തീവ്രദേശീയത – ജർമ്മനിയിലും ഇറ്റലിയിലും വളർന്നുവന്നു**
   **c. മൊറോക്കൻ പ്രതിസന്ധി –മൊറോക്കോയുടെ പേരിൽ ജർമ്മനിയും ഫ്രാൻസും തമ്മിൽ ഉണ്ടായത്**
   **d. ബാൾക്കൺ പ്രതിസന്ധി –തുർക്കിയെ പങ്കിട്ടെടുക്കുന്നതിന്റെ പേരിൽ ബാൾക്കൺ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസം**
   **e. ആസ്ട്രിയൻ രാജകുമാരന്റെ വധം – ആസ്ട്രിയൻ കിരീടാവകാശി ഫ്രാൻസിസ് ഫെർഡിനാന്റിനെ സെർബിയൻ യുവാവ് ബോസ്നിയയിലെ സാരയാവോയിൽവച്ച് വധിച്ചത്**
**2. തീവ്രദേശീയതയിലധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങൾ :**
   **a. പാൻ സ്ലാവ് പ്രസ്ഥാനം – കിഴക്കൻ യൂറോപ്പിലെ സ്ലാവ് വംശജരെ ഏകീകരിക്കാൻ റഷ്യയുടെ സഹായത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനം**
   **b. പാൻ ജർമ്മൻ പ്രസ്ഥാനം –ട്യൂട്ടോണിക് വർഗ്ഗക്കാരെ ഏകോപിപ്പിക്കാൻ ജർമ്മനിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനം**
   **c. പ്രതികാര പ്രസ്ഥാനം –ജർമ്മനി കൈവശപ്പെടുത്തിയ അൾസൈസ്,ലോറൈൻ പ്രദേശങ്ങൾ തിരിച്ചുപിടിക്കാൻ ഫ്രാൻസിന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനം**
**3. ത്രികക്ഷിസഖ്യം – ജർമ്മനി, ഇറ്റലി, ആസ്ട്രിയ –ഹംഗറി**
**4. ത്രികക്ഷി സൗഹാർദ്ദം – ഇംഗ്ലണ്ട് , ഫ്രാൻസ് ,റഷ്യ**
**5. ഫാഷിസം സവിശേഷതകൾ :**
   **a. ജനാധിപത്യം,സോഷ്യലിസം എന്നിവയോടുള്ള എതിർപ്പ്   b. രാഷ്ട്രം,യുദ്ധം എന്നിവയെ മഹത്വവൽക്കരിക്കൽ**
   **c. തീവ്രദേശീയത പ്രചരിപ്പിക്കൽ   d. ഭൂതകാലത്തെ പ്രകീർത്തിക്കൽ**
   **e. സൈനിക സ്വേച്ഛാധിപത്യം   f. രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ**
**6. ഫാഷിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താൻ ഇടയായ സാഹചര്യങ്ങൾ .**
   **a. ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽപ്പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല**
   **b. വ്യവസായ തകർച്ച,തൊഴിലില്ലായ്മ ,നികുതി വർദ്ധനവ് ,പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽ നിന്നകറ്റി.**
   **c. രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് പോകുമോ എന്ന ഭയം ഫാഷിസത്തെ പിന്തുണയ്ക്കാൻ സമ്പന്നരെ പ്രേരിപ്പിച്ചു.**
**7. ഇറ്റലി – മുസ്സോളിനി – ഫാഷിസം – കരിങ്കുപ്പായക്കാർ (സൈന്യം)**
**8. ജർമ്മനി – ഹിറ്റ്ലർ – നാസിസം – തവിട്ടു കുപ്പായക്കാർ (സൈന്യം) – ഗസ്റ്റപ്പൊ (രഹസ്യസംഘം)**
**9. ഹിറ്റ്ലറെ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ :**
   **a. ഒന്നാം ലോക യുദ്ധാനന്തരം ജർമ്മനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായ് സന്ധി**
   **b. സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും   c. ജർമ്മൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും.**
**10. ഹോളോകാസ്റ്റ് –ഹിറ്റ്ലർ പ്രത്യേകം തയ്യാറാക്കിയ കോൺസൺട്രേഷൻ ക്യാമ്പുകളിൽ വച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു.ഇതാണ് ഹോളോകാസ്റ്റ്.**
**11. ചേരിചേരായ്മ :**
   **a. രണ്ടാം ലോകയുദ്ധാനന്തരം മുതലാളിത്ത –സോഷ്യലിസ്റ്റ് ചേരികളിൽ ചേരാത്ത പുതിയ സ്വതന്ത്രരാജ്യങ്ങൾ ചേർന്ന് രൂപീകരിച്ച സംഘടനയാണ് ചേരിചേരാ പ്രസ്ഥാനം.**

RATHEESH CV GHSS PERIKALLOOR WAYANAD

**b. 1955 ൽ ഇന്തോനേഷ്യയിലെ ബാന്ദൂങ്ങിൽചേർന്ന സമ്മേളനത്തിൽ വച്ചാണ് ചേരിചേരാപ്രസ്ഥാനത്തിന് രൂപം നൽകാൻ തീരുമാനിച്ചത്.**
**c. 1961 ൽ ബെൽഗ്രേഡിൽ വച്ച് ചേരിചേരാ രാജ്യങ്ങളുടെ ആദ്യത്തെ സമ്മേളനം നടന്നു.**
**d. ചേരിചേരായ്മ ലോകകാര്യങ്ങളിൽ നിന്ന് മാറിനിൽക്കലല്ല,ലോകം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളിലും സജീവമായി ഇടപെടാനാണ് ചേരിചേരായ്മ ആവശ്യപ്പെടുന്നത്.**

**12. ചേരിചേരായ്മ – നേതാക്കൾ : a. നെഹ്റു – ഇന്ത്യ b. ഗമാൽ അബ്ദുൽ നാസർ – ഈജിപ്ത്**
**c. മാർഷൽ ടിറ്റോ – യുഗോസ്ലാവിയ d. അഹമ്മദ് സുക്കാർണോ – ഇന്തോനേഷ്യ**

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. കോളനികളിൽ മൂലധന നിക്ഷേപത്തിന് മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ :
   a. തൊഴിലാളികളുടെ കുറഞ്ഞ കൂലി b. അസംസ്കൃതവസ്തുക്കളുടെ ലഭ്യത
   c. കോളനികളിൽ ഉൽപാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ്
2. സാമ്രാജ്യത്വം കോളനിരാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത് :
   a. കോളനികളുടെ പരമ്പരാഗത സമ്പദ് വ്യവസ്ഥ തകർന്നു b. ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു
   c. ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു d. പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കപ്പെട്ടു
3. വേഴ്സായ് സന്ധി / പാരീസ് ഉടമ്പടി -1919- വ്യവസ്ഥകൾ :
   a. ജർമ്മൻ കോളനികൾ സഖ്യകക്ഷികൾ വീതിച്ചെടുത്തു b. ജർമ്മനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി
   c. യുദ്ധകുറ്റം ജർമ്മനിയുടെ മേൽ കെട്ടിവച്ചു d. ജർമ്മനിയെ നിരായുധീകരിച്ചു
4. 1929 ലെ ലോക സാമ്പത്തിക മാന്ദ്യത്തിന്റെ ഫലങ്ങൾ :
   a. ജനങ്ങളുടെ വാങ്ങൽശേഷി നശിച്ചു. b. ഉല്പന്നങ്ങൾ വാങ്ങാൻ ആളില്ലാതായി
   c. ബാങ്കുകൾ തകർന്നു d. പണപ്പെരുപ്പം വർദ്ദിച്ചു തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.
5. രണ്ടാം ലോകയുദ്ധം കാരണങ്ങൾ :
   a. സൈനികസഖ്യങ്ങൾ b. സർവരാഷ്ട്രസഖ്യത്തിന്റെ പരാജയം c. ഫാഷിസം,നാസിസം എന്നിവയുടെ വളർച്ച
   d. ഫ്രാൻസ്,ബ്രിട്ടൻ എന്നിവരുടെ പ്രീണന നയം e. ജർമ്മനിയുടെ പോളണ്ട് ആക്രമണം
6. അച്ചുതണ്ട ശക്തികൾ – ജർമ്മനി , ഇറ്റലി , ജപ്പാൻ
7. സഖ്യശക്തികൾ – ഇംഗ്ലണ്ട് , ഫ്രാൻസ് , ചൈന
8. രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ :
   a. ദശലക്ഷക്കണക്കിനുപേർ കൊല്ലപ്പെട്ടു b. യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനില താറുമാറായി
   c. യൂറോപ്യൻ രാജ്യങ്ങളുടെ ലോകമേധാവിത്വം തകർന്നു d. ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു
   e. അമേരിക്കയും സോവിയറ്റ് യൂണിയനും വൻ ശക്തികളായി മാറി f. UNO രൂപീകരിച്ചു.
9. ഐക്യരാഷ്ട്രസംഘടന (UNO) യുടെ ലക്ഷ്യങ്ങൾ :
   a. ഭാവി തലമുറയെ യുദ്ധഭീതിയിൽ നിന്നു രക്ഷിക്കുക b. അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക
   c. ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
10. ശീതസമരം :
    അമേരിക്കൻ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരിയും സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചേരിയും തമ്മിലുള്ള ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളും അണ് ശീതസമരം.ആശയപരമായ ഭിന്നതയും രാഷ്ട്രീയ അവിശ്വാസവുമാണ് ഇതിന്റെ അടിസ്ഥാനം.
11. പശ്ചിമേഷ്യൻ ചരിത്രം :
    a. പശ്ചിമേഷ്യ തുർക്കി സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു.ഒന്നാം ലോകയുദ്ധത്തിൽ തുർക്കി തോറ്റതോടെ ബ്രിട്ടന്റെ കീഴിലായി. യുദ്ധത്തിൽ ജൂതർ നൽകിയ സേവനത്തിന് പകരമായി സ്വന്തമായി ഒരു രാജ്യം അനുവദിക്കാമെന്ന് ആർതർ ബാൽഫർ പ്രഖ്യാപിച്ചു. ഇതാണ് ബാൽഫർ പ്രഖ്യാപനം.
    b. ജൂതർക്ക് ഒരു രാജ്യം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമാണ് സിയോണിസ്റ്റ് പ്രസ്ഥാനം.1948 ൽ ഇസ്രായേൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടു.ഇസ്രായേൽ പാലസ്തീൻ കൈവശപ്പെടുത്തി.ഇത് അറബ് – ഇസ്രായേൽ യുദ്ധത്തിലേക്ക് നയിച്ചു.
    c. പാലസ്തീൻകാർക്ക് സ്വന്തമായൊരു രാജ്യം സ്ഥാപിക്കുകഎന്ന ലക്ഷ്യത്തോടെ പാലസ്തീൻ വിമോചന സംഘടന യാസർ അറഫാത്ത് സ്ഥാപിച്ചു.1993 ൽ അമേരിക്കയുടെ മധ്യസ്ഥതയിൽ ഒപ്പുവെച്ച ഓസ് ലോ കരാർ പ്രകാരം പാലസ്തീനെ സ്വതന്ത്രരാഷ്ട്രമാക്കാൻ ഇസ്രായേൽ അംഗീകാരം നൽകി.
12. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങൾ :
    a. സോഷ്യലിസ്റ്റ് ആശയങ്ങളിൽനിന്നുള്ള വ്യതിചലനം b. പ്രതിരോധത്തിന് അമിത പ്രാധാന്യം നൽകിയത്
    c. ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും d. മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ
13. ആഗോളരംഗത്ത് ആധിപത്യം നിലനിർത്താൻ അമേരിക്ക ആവിഷ്കരിച്ച തന്ത്രങ്ങൾ :
    a. അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗപ്പെടുത്തി രാജ്യങ്ങൾക്ക് സാമ്പത്തിക-സൈനിക സഹായം നൽകി
    b. സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിച്ചു c. തങ്ങൾക്ക് ഇഷ്ടമില്ലാത്ത ഭരണകൂടങ്ങളെ അട്ടിമറിച്ചു
    d. മാധ്യമങ്ങളെ തങ്ങളുടെ താൽപ്പര്യങ്ങൾക്കായി ഉപയോഗിച്ചു
14. നവസാമ്രാജ്യത്വം :
    ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്ത് വിവിധ രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്രകമ്പനികൾ അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി വികസ്വരവും അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മേഖലകളിൽ ഇടപെടുന്നതാണ് നവസാമ്രാജ്യത്വം.
15. നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങൾ :
    a. ഉദാരവൽക്കരണം – ഇറക്കുമതി നിയമങ്ങളും നികുതികളും ഉദാരമാക്കി b. സ്വകാര്യവൽക്കരണം-പൊതുമേഖലാ സ്ഥാപനങ്ങളെ

RATHEESH C V GHSS PERKKALLOOR WAYANAD

സ്വകാര്യവൽക്കരിച്ചു

c. ആഗോളവൽക്കരണം -മത്സര കമ്പോളവ്യവസ്ഥ ,വിഭവ-സേവന കൈമാറ്റം , ആഗോളസാമ്പത്തിക ക്രമം എന്നിവ നടപ്പാക്കി

16. ആഗോളവൽക്കരണം ത്വരിതപ്പെടുത്തിയ സ്ഥാപനങ്ങൾ : a. ലോകബാങ്ക് b. അന്താരാഷ്ട്ര നാണയനിധി (IMF) c. ലോകവ്യാപാര സംഘടന (WTO)

17. ആഗോളവൽക്കരണം വികസ്വര രാജ്യങ്ങളെ എങ്ങനെ ദോഷകരമായി ബാധിച്ചു :

a. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു b. പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നു

c. പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു. d. തദ്ദേശീയ സംസാകാരങ്ങളുടെ തകർച്ചയ്ക്കു കാരണമായി.

## അധ്യായം : 3 പൊതുഭരണം

## ഫോക്കസ് ഏരിയ നോട്ട്

**1. പൊതുഭരണം :**

**a. രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസനപദ്ധതികളും നടപ്പാക്കുന്നതിന് ഭൗതികസാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതാണ് പൊതുഭരണം.**

**b. ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണസംവിധാനത്തിന്റെ ഭാഗമാണ്**

**c. ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്**

**d. ജനാധിപത്യഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണസംവിധാനത്തിലൂടെയാണ്**

**2. പൊതുഭരണത്തിന്റെ പ്രാധാന്യം :**

**a. ഗവൺമെന്റിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നു b. ജനക്ഷേമം ഉറപ്പാക്കുന്നു**

**c. ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു d. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു**

**3. ഗാന്ധിജിയും പൊതുഭരണവും. – a. എല്ലാവരുടെയും താൽപര്യസംരക്ഷണമാണ് പൊതുഭരണത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്.**

**b. പൊതുഭരണം ദുർബലരെ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു.**

**c. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ സ്വാധീനിച്ചു.**

**4. ഉദ്യോഗസ്ഥ വൃന്ദം : രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്ന് പറയുന്നു.**

**5. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ :**

**a. ശ്രേണിപരമായ സംഘാടനം b.സ്ഥിരത c. യോഗ്യത അടിസ്ഥാനമാക്കി നിയമനം d.രാഷ്ട്രീയ നിഷ്പക്ഷത e. വൈദഗ്ധ്യം.**

| | |
|---|---|
| ശ്രേണിപരമായ സംഘാടനം | ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും കീഴ് തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്നത് |
| സ്ഥിരത | ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിതകാലം വരെ സേവനകാലാവധി ഉണ്ടാകും |
| യോഗ്യതഅടിസ്ഥാനമാക്കി നിയമനം | വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത് |
| രാഷ്ട്രീയ നിഷ്പക്ഷത | കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല.അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം |
| വൈദഗ്ധ്യം | ഓരോ ഗവ.ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ട തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും |

**6. ഇന്ത്യൻ സിവിൽ സർവ്വീസ് :**

| അഖിലേന്ത്യാ സർവ്വീസ് | കേന്ദ്ര സർവ്വീസ് | സംസ്ഥാന സർവ്വീസ് |
|---|---|---|
| a. ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു<br>b. കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു<br>ഉദാ : I AS , I PS | a.ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു<br>b. കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ.ഇന്ത്യൻ ഫോറിൻ സർവീസ് ( I FS )<br>ഇന്ത്യൻ റെയിൽവേ സർവീസ് ( I R S ) | a. സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു<br>b.സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ.സെയിൽസ് ടാക്സ് ഓഫീസർ |

**7. യു പി എസ് സി (UPSC) :**

**a. അഖിലേന്ത്യാ – കേന്ദ്ര സർവ്വീസുകളിലേക്ക് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് യു പി എസ് സി (UPSC) ആണ്.**

**b. യു പി എസ് സി ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.**

**8. പി എസ് സി (PSC) :**

**a. സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് അതത് സംസ്ഥാനങ്ങളിലെ പി എസ് സി (PSC) ആണ്.**

**b. പി എസ് സി ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണറാണ്**

**c. യു പി എസ് സി , പി എസ് സി എന്നിവ ഭരണഘടനാനിയമത്തെ അടിസ്ഥാനമാക്കി നിലവിൽവന്നസ്ഥാപനങ്ങളാണ്.അതിനാൽ ഇവയെ ഭരണഘടനാസ്ഥാപനങ്ങൾ എന്നു വിളിക്കുന്നു.**

RATHEESH C V GHSS PERIKKALLOOR WAYANAD

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. ഇ ഗവേണൻസ് : ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ ഗവേണൻസ്.
2. ഇ ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ :
   a. സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല. b. വിവരസാങ്കേതികവിദ്യയുടെ സഹായത്താൻ സേവനം നേടാം.
   c. സർക്കാർ സേവനം കുറഞ്ഞചെലവിലും വേഗത്തിലും ലഭിക്കുന്നു. d. ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.
3. വിവരാവകാശനിയമം :
   a. ഏതൊരു സർക്കാർ സ്ഥാപനത്തിൽനിന്നും അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഏതൊരു ഇന്ത്യൻ പൗരനും അറിയാനുള്ള അവകാശമാണ് വിവരാവകാശനിയമം. b. 2005 ലാണ് വിവരാവകാശനിയമം നിലവിൽവന്നത്.
   c. രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തിസംഘാതൻ എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് ഈ നിയമനിർമ്മാണത്തിന് കാരണമായത്.
   d. അഴിമതി തടയുക,ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുക,ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുക എന്നിവയാണ് ഈ നിയമത്തിന്റെ ലക്ഷ്യങ്ങൾ .
4 സേവനാവകാശനിയമം :
   a. 2012 ൽ കേരളത്തിൽ നിലവിൽവന്നു.സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശനിയമം
   b. ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു.
   c. അർഹതപ്പെട്ട സേവനം നിശ്ചിതകാലത്തിനകം പൗരന് നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഒടുക്കണമെന്ന വ്യവസ്ഥയും ഈ നിയമത്തിലുണ്ട്.
5. ലോക്പാലും ലോകായുക്തയും
   ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങളാണ് ഇവ രണ്ടും.

| ലോക്പാൽ | ലോകായുക്ത |
|---|---|
| ദേശീയതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയ സ്ഥാപനമാണിത് | സംസ്ഥാനതലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണിത് |

6. കേന്ദ്ര വിജിലൻസ് കമ്മീഷൻ :
   a. കേന്ദ്രഗവൺമെന്റ് ഓഫീസുകളിലെ അഴിമതി തടയുന്നതിന് ദേശീയതലത്തിൽ രൂപം നൽകിയ സ്ഥാപനമാണിത്.
   b. 1964 ൽ ആണ് ഇതു നിലവിൽ വന്നത്.ഇതിന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷ്ണർ ഉണ്ടാകും.അതുപോലെ എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും പ്രവർത്തിക്കുന്നു.
   c. ഇതേ മാതൃകയിൽ സംസ്ഥാനങ്ങളിലും സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.
   d. സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതി തടയുകയാണ് ലക്ഷ്യം.
   e. വിജിലൻസ് കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് വിജിലൻസ് കോടതികളും നിലവിലുണ്ട്.
7. ഓംബുഡ്സ്മാൻ :
   a. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ച്ചയോ വരുത്തിയാൽ അതിനെതിരെ പരാതിപ്പെടാനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ.
   b. വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാൻ ആയി നിയമിക്കുന്നത്.
   c. ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം.
   d. പരാതി ലഭിച്ചാൽ ആരെയും വിളിച്ച് വരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും ഇദ്ദേഹത്തിന് അധികാരമുണ്ട്.

## അധ്യായം : 4 ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

## ഫോക്കസ് ഏരിയ നോട്ട്

**1. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വ്യത്യസ്ത ഭൂനികുതി സമ്പ്രദായങ്ങൾ :**

| ശാശ്വത ഭൂനികുതി വ്യവസ്ഥ | മഹൽവാരി വ്യവസ്ഥ | റയട്ട് വാരി വ്യവസ്ഥ |
|---|---|---|
| **a. ബംഗാൾ,ബീഹാർ,ഒറീസ്സയിൽ നടപ്പാക്കി**<br>**b. ഭൂവുടമകൾ സെമീന്ദാർമാരായിരുന്നു**<br>**c. സെമീന്ദാർമാരാണ് നികുതി പിരിച്ചിരുന്നത്**<br>**d. കർഷകർ കുടിയാന്മാരായിരുന്നു**<br>**e. വിളവിന്റെ 60 ശതമാനമായിരുന്നു നികുതി**<br>**f. വിളവ് മോശമായാലും നികുതി പണമായി നിശ്ചിത തിയതിയിൽ നൽകണമായിരുന്നു** | **a. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പാക്കി**<br>**b. ഗ്രാമമായിരുന്നു നികുതി പിരിവിന്റെ യൂണിറ്റ്**<br>**c. ഗ്രാമത്തലവൻ നികുതി പിരിച്ച**<br>**d. നികുതി നിരക്ക് കൂടുതലായിരുന്നു** | **a. ദക്ഷിണേന്ത്യയിൽ നടപ്പാക്കി**<br>**b. കർഷകരിൽനിന്ന് നേരിട്ട് നികുതി പിരിച്ച**<br>**c. ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകർക്കായിരുന്നു**<br>**d. നികുതി ഇടയ്ക്കിടെ വർദ്ധിപ്പിച്ചിരുന്നു**<br>**e. നികുതി നിരക്ക് കൂടുതലായിരുന്നു** |

**2. കുറിച്യ കലാപം – 1812 വയനാട്**

**ബ്രിട്ടീഷ് ചൂഷണത്തിനെതിരെ വയനാട്ടിലെ കുറിച്യരും കുറുമരും ചേർന്ന് രാമൻനമ്പിയുടെ നേതൃത്വത്തിൽ നടത്തിയ കലാപം**

**3. കുറിച്യ കലാപം – കാരണങ്ങൾ :**

**a. ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തിയത് b. നികുതി പണമായി അടയ്ക്കാൻ ആവശ്യപ്പെട്ടത്**

RATHEESH C V GHSS PERIKKALLOOR WAYANAD

c. നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്

**4. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം – കാരണങ്ങൾ :**

**a. കർഷകരുടെ ദുരിതങ്ങൾ – അമിത നികുതിഭാരം, ജന്മി, കൊള്ളപ്പലിശക്കാർ എന്നിവരുടെ ചൂഷണം**

**b. കരകൗശലതൊഴിലാളികളുടെ ദാരിദ്ര്യം – പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച–ഉണ്ണി,മൺപാത്രം,തുകൽ–മരപ്പണി**

**c. രാജാക്കന്മാർക്ക് അധികാരം നഷ്ടപ്പെട്ടത്– ദത്തവകാശ നിരോധനം, സൈനികസഹായവ്യവസ്ഥ**

**d. ശിപായിമാരുടെ ദുരിതങ്ങൾ –ഇന്ത്യാക്കാരായ പട്ടാളക്കാർക്ക് കുറഞ്ഞ കൂലി,ദുരിതജീവിതം,കൊഴുപ്പ് പുരട്ടിയ തിരയുടെ ഉപയോഗം**

**5. 1857 ലെ പ്രധാന കലാപ കേന്ദ്രങ്ങളും നേതാക്കന്മാരും**

**ഡൽഹി – ബഹദൂർഷാ രണ്ടാമൻ കാൺപൂർ – നാനാസാഹേബ് ,താന്തിയാതോപ്പി**

**ഝാൻസി – റാണി ലക്ഷ്മിഭായി , ഫൈസാബാദ് – മൗലവി അഹമ്മദുള്ള , ലഖ്നൗ – ബീഗം ഹസ്രത്ത് മഹൽ**

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. കൃഷിയുടെ വാണിജ്യവൽക്കരണം :

ഭക്ഷ്യവിളകൾക്ക പകരം നാണ്യവിളകൾ വൻതോതിൽ കൃഷിചെയ്യാൻ തുടങ്ങിയതാണ് കൃഷിയുടെ വാണിജ്യവൽക്കരണം

കാരണങ്ങൾ – a. നികുതി നിരക്ക് കൂടുതലായിരുന്നു b. നിശ്ചിത തിയതിയിൽ നികുതി പണമായി നൽകണമായിരുന്നു
c. നാണ്യവിളകൾക്ക് ഉയർന്ന വില ലഭിച്ചിരുന്നു

2. ഗോത്രകലാപങ്ങൾ :

| | | |
|---|---|---|
| നീലം കർഷക കലാപം | 1859 ബംഗാൾ | നഷ്ടത്തിലായ നീലം കൃഷി അവസാനിപ്പിക്കാൻ അനുവാദം ലഭിക്കാൻ കർഷകരും സ്ത്രീകളും ചേർന്ന് നടത്തിയ കലാപം |
| മാപ്പിള കലാപം / മലബാർ കലാപം | 1921 കേരളം | തെക്കേമലബാറിലെ മാപ്പിളകർഷകർ ഭൂവുടമകളായ ജന്മിമാർക്കെതിരെ നടത്തിയ കലാപം |
| സന്താൾ കലാപം | 1855 രാജ്മഹൽ കുന്നുകൾ | ബ്രിട്ടീഷുകാർ,സെമീന്ദാർമാർ,കൊള്ളപ്പലിശക്കാർ എന്നിവരുടെ ചൂഷണത്തിനെതിരെ ജീവിതം വഴിമുട്ടിയ സന്താൾ ജനത നടത്തിയ കലാപം |
| കുറിച്യ കലാപം | 1812 വയനാട് | ബ്രിട്ടീഷ് ചൂഷണത്തിനെതിരെ വയനാട്ടിലെ കുറിച്യരും കുറുമരും ചേർന്ന് രാമൻ നമ്പിയുടെ നേതൃത്വത്തിൽ നടത്തിയ കലാപം |

3. ബ്രിട്ടീഷ് നയങ്ങൾ ഗോത്രജനതയുടെ ജീവിതത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ :

a. വനവിഭവശേഖരണം,കന്നുകാലി വളർത്തൽ,പുനം കൃഷി,വേട്ടയാടൽ എന്നിവയായിരുന്ന ഗോത്രജനതയുടെ ജീവിതമാർഗ്ഗങ്ങൾ.

b. ബ്രിട്ടീഷുകാർ നടപ്പാക്കിയ വനനിയമങ്ങൾ ഗോത്രജീവിതം ദുരിതമയമാക്കി.

c. വനങ്ങളെ സംരക്ഷിത പ്രദേശങ്ങളാക്കി പ്രവേശനം നിഷേധിച്ചു

d. കപ്പൽ നിർമ്മാണം,റെയിൽപ്പാത നിർമ്മാണം തുടങ്ങിയവയ്ക്കായി ധാരാളം മരങ്ങൾ മുറിച്ചുമാറ്റി

e. തോട്ടവ്യവസായങ്ങൾക്കുവേണ്ടി വനങ്ങൾ വ്യാപകമായി നശിപ്പിച്ചു.

4. ഇന്ത്യയിലെ പരമ്പരാഗത ഉണ്ണിവ്യവസായത്തിന്റെ നാശത്തിനുള്ള കാരണങ്ങൾ :

a. യന്ത്രനിർമ്മിത ബ്രിട്ടീഷ് ഉണ്ണിത്തരങ്ങളുടെ ഇറക്കുമതി b. ഇറക്കുമതി ചെയ്ത ഉണ്ണിക്ക് വിലക്കുറവായതിനാൽ വേഗം വിറ്റഴിഞ്ഞു
c. റെയിൽവേയുടെ വ്യാപനം d. കയറ്റുമതി ചെയ്ത ഇന്ത്യൻ ഉണ്ണിത്തരങ്ങൾക്ക് ഉയർന്ന നികുതി ചുമത്തിയത്

5. ഗ്രാമീണ കൈത്തൊഴിൽ വ്യവസായങ്ങളുടെ തകർച്ച – കാരണങ്ങൾ :

a. ഉണ്ണിവ്യവസായം – യന്ത്രനിർമ്മിത ബ്രിട്ടീഷ് ഉണ്ണിത്തരങ്ങളുടെ ഇറക്കുമതി b. മൺപാത്രനിർമ്മാണം –അലുമിനീയം പാത്ര ഇറക്കുമതി
c. തുകൽപ്പണി – അസംസ്കൃത തുകലിന്റെ യൂറോപ്പിലേയ്ക്കുള്ള കയറ്റുമതി d. മരപ്പണി – ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം

6. ചോർച്ചാസിദ്ധാന്തം –ദാദാഭായ് നവ്റോജി : പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന പുസ്തകത്തിൽ അവതരിപ്പിച്ചു

7. ചോർച്ചാസിദ്ധാന്തപ്രകാരം ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്ന രീതികൾ :

a. ഇന്ത്യയിൽനിന്നുള്ള അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി b. ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കുള്ള ശമ്പളവും പെൻഷനും
c. ഇന്ത്യയിൽ ബ്രിട്ടീഷ് ഉല്പന്നങ്ങൾ വിറ്റുകിട്ടിയ ലാഭം d. ഇന്ത്യയിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതി

8. സ്വദേശി പ്രസ്ഥാനം -1905 ൽ ആരംഭിച്ചു -പ്രാധാന്യം /ചെറുത്തുനിൽപ്പുകൾ :

a. ദേശീയതയുടെ വളർച്ചയ്ക്ക് സഹായിച്ചു b. ബ്രിട്ടീഷ് ഉല്പന്നങ്ങളുടെ ബഹിഷ്കരണം c. സ്വദേശി വസ്തുക്കളുടെ പ്രോത്സാഹനം
d. സ്ത്രീകൾ,കുട്ടികൾ,വിദ്യാർത്ഥികൾ,തൊഴിലാളികൾ എന്നിവരെല്ലാം സമരത്തിൽ പങ്കാളികളായി .

## അധ്യായം : 5 സംസ്കാരവും ദേശീയതയും

## ഫോക്കസ് ഏരിയ നോട്ട്

**1. ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ വഹിച്ച പങ്ക് :**

**a. ഇന്ത്യാക്കാരിൽ ദേശീയമായ കാഴ്ച്ചപ്പാട് വളർത്തി b. ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ട**
**c. മതേതരവിദ്യാഭ്യാസം എല്ലാ വിഭാഗക്കാർക്കും ലഭ്യമായി d. ബ്രിട്ടീഷ് മേധാവിത്വത്തെയും, ഇന്ത്യയിലെ അസമത്വങ്ങളെയും ഒറ്റക്കെട്ടായി എതിർക്കാൻ വിദ്യാഭ്യാസ പുരോഗതി സഹായിച്ചു.**

**2. ദേശീയ വിദ്യാലയങ്ങൾ**

| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | മുന്നോട്ടുവച്ചആശയങ്ങൾ | വർഷം | സ്ഥലം | സ്ഥാപകർ |
|---|---|---|---|---|
| ഡക്കാൻ എജ്യൂക്കേഷൻ സൊസൈറ്റി | ഇന്ത്യയുടെ സമഗ്രപുരോഗതിക്ക് ആധുനിക വിദ്യാഭ്യാസം | 1884 | പൂനെ | ജി.ജി.അഗാർക്കർ, തിലകൻ,എം.ജി.റാനഡെ |

RATHEESH C V GHSS PERIKKALOOR WAYANAD

| | | | | |
|---|---|---|---|---|
| വനിത സർവകലാശാല | സ്ത്രീ വിദ്യാഭ്യാസം | 1916 | മഹാരാഷ്ട്ര | ഡി.കെ.കാർവെ |
| വിശ്വഭാരതിസർവകലാശാല | അന്തർദേശീയ സാഹോദര്യം | | ബംഗാൾ | ടാഗോർ |
| ജാമിഅ മില്ലിയ ഇസ്ലാമിയ | മതേതര വിദ്യാഭ്യാസം വളർത്തുക | | അലിഗഢ് | മൗലാന മുഹമ്മദലി, ഷൗക്കത്തലി ഡോ.സാക്കിർ ഹുസൈൻ, എം.എ.അൻസാരി |
| കേരള കലാമണ്ഡലം | പാരമ്പര്യ കലാരൂപങ്ങളെ സംരക്ഷിക്കുക,ഉദ്ദരിക്കുക | | തൃശ്ശൂർ | വള്ളത്തോൾ |
| വാർധാ വിദ്യാഭ്യാസ പദ്ധതി | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | 1937 | ഗുജറാത്ത് | ഗാന്ധിജി |

**3 . ദേശീയത കലയിൽ – പെയിന്റിംഗുകൾ**

**a. ഭാരതമാത – അബനിന്ദ്ര നാഥ ടാഗോർ – ദേശസ്നേഹം വളർത്തി ,പൗരസ്ത്യ ചിത്രകലയുടെ പ്രോത്സാഹനത്തിനായി ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചു.**

**b. ശകുന്തളയും തോഴിമാരും – രാജാ രവിവർമ്മ –ഇന്ത്യൻ പുരാണങ്ങൾ ,സാഹിത്യ കൃതികളിലെ സന്ദർഭങ്ങൾ ചിത്രീകരിച്ചു.**

**c. സതി , ഗ്രാമീണ ചെണ്ടക്കാരൻ – നന്ദലാൽ ബോസ് –ഇന്ത്യയിലെ ദുരാചാരങ്ങൾക്കെതിരായ മനോഭാവം വളർത്തി.**

**d. ഗ്രാമീണ ജീവിതം – അമൃതാ ഷേർഗിൽ – ഗ്രാമങ്ങളിലെ ജീവിതദുരിതങ്ങൾ ചിത്രീകരിച്ചു.**

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിന് സ്വാധീനം ചെലുത്തിയ ഘടകങ്ങൾ :
   a. കോളനിഭരണവും ചൂഷണവും b. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ c. പത്രങ്ങൾ d. വിദ്യാഭ്യാസ സ്ഥാപനങ്ങൾ
   e. സാഹിത്യം f. കല
2. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ട് ബ്രിട്ടീഷുകാർ ലക്ഷ്യമാക്കിയത് :
   a. ബ്രിട്ടീഷ് ജീവിതരീതികളോട് താൽപ്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക
   b. ഭരണം ശക്തിപ്പെടുത്താൻ ഇന്ത്യൻ സംസ്കാരം ആഴത്തിലറിയുക c. ഭരണപരിഷ്കാരങ്ങൾക്ക് പിന്തുണ നേടുക
3. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ച ഘടകങ്ങൾ :
   a. സ്വതന്ത്ര ചിന്ത b. യുക്തിചിന്ത c. ആധുനികവൽക്കരണ താല്പര്യം
4. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ :
   ഇന്ത്യൻ സമൂഹത്തിലെ അനാചാരങ്ങൾ എതിർക്കുക, വിവേചനമില്ലാതെ വഴിനടക്കാനും, മാന്യമായി വസ്ത്രം ധരിക്കാനും, വിദ്യാഭ്യാസത്തിനും അവകാശങ്ങൾ നേടിയെടുക്കുക
5. സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ : a. ജാതി നിർമാർജ്ജനം b. എല്ലാവർക്കുംവിദ്യാഭ്യാസം നൽകുക
   c. വിധവാ പുനർവിവാഹം നടപ്പിലാക്കുക, d. ശൈശവവിവാഹം അവസാനിപ്പിക്കുക.
6. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ – സ്ഥാപകർ :
   a. ബ്രഹ്മസമാജം – രാജാ റാം മോഹൻറോയ് b. ആര്യസമാജം – സ്വാമി ദയാനന്ദ സരസ്വതി c. എസ് എൻ ഡി പി – ശ്രീനാരായണ ഗുരു
   d. രാമകൃഷ്ണ മിഷൻ – സ്വാമി വിവേകാനന്ദൻ e.ശാരദാ സദൻ – പണ്ഡിത രമാബായി f. അലിഗഢ് പ്രസ്ഥാനം– സർ സയ്യിദ് അഹമ്മദ്ഖാൻ
7. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനത്താൽ ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികൾ :
   a. സതി നിരോധിച്ചു b.പെൺശിശുഹത്യ നിരോധിച്ചു c.അടിമത്വം നിരോധിച്ചു d. ശൈശവവിവാഹം–ബഹുഭാര്യത്വം എന്നിവ നിരോധിച്ചു
   e. വിധവാ പുനർവിവാഹം നടപ്പാക്കി f. 12 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്ക് ഏർപ്പെടുത്തി.
8. ദേശീയ സമരകാലത്തെ പത്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ :
   a. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക b. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൽ എല്ലാവരേയും പങ്കാളികളാക്കുക c. ഇന്ത്യയിലുണ്ടാകുന്ന പ്രശ്നങ്ങൾ ഇന്ത്യാക്കാരുടെ മൊത്തം പ്രശ്നമായി കാണാൻ പ്രേരിപ്പിക്കുക.
9. വർത്തമാന പത്രങ്ങൾ ഇന്ത്യൻ ജനതയെ ബോധവാന്മാരാക്കിയത് എങ്ങനെയെല്ലാം :
   a. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണ ചൂഷണം ജനങ്ങളെ ബോധ്യപ്പെടുത്തി b.പ്ലേഗ്,ക്ഷാമം എന്നിവയുടെ ദുരിതങ്ങൾ എല്ലായിടത്തും എത്തിച്ചു
   c. ഇന്ത്യൻ സമൂഹത്തിൽ നടക്കുന്ന പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി,
   d. ബ്രിട്ടീഷ് അടിച്ചമർത്തലും,കൂട്ടക്കൊലയും,മർദ്ദകഭരണവും ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങളെ അറിയിച്ചു.
   e. ലോകത്തുനടക്കുന്ന സ്വാതന്ത്ര്യ–ജനാധിപത്യ–സമത്വ പോരാട്ടങ്ങളെക്കുറിച്ച് വിവരം നല്കി.
10. പത്രങ്ങൾ – നേതാക്കൾ
    a.അമൃതബസാർ പത്രിക –ശിശിർ കുമാർ ഘോഷ് ,മോത്തിലാൽ ഘോഷ്
    b.സംബാദ് കൗമുദി ,മിറാത്–ഉൽ–അക്ബർ – രാജാ റാം മോഹൻറോയ് c. യങ് ഇന്ത്യ ,ഹരിജൻ – ഗാന്ധിജി
    d. കേസരി,മറാത്ത – ബാല ഗംഗാധര തിലകന് e. ബംഗാളി – സുരേന്ദ്രനാഥ് ബാനർജി f . നേഷൻ – ഗോഖലെ
11. സാഹിത്യം ദേശീയത വളർത്തിയത് എങ്ങനെ :
    കഥ,കവിത,നാടകം,നോവൽ എന്നിവയിലൂടെ ഇന്ത്യൻ സമൂഹത്തിന്റെ ജീർണ്ണതകൾ,ദുരിതങ്ങൾ,ബ്രിട്ടീഷ് ചൂഷണം എന്നിവ അവതരിപ്പിച്ചു. ഇവ ജനങ്ങളിൽ ചൂഷണവിരുദ്ധ മനോഭാവവും,രാജ്യസ്നേഹവും വളർത്തി,ദേശസ്നേഹം നിറഞ്ഞ കൃതികൾ സാമൂഹിക അന്തരം കുറച്ചു.
12. a. ആനന്ദമഠം –നോവൽ –ബങ്കിംചന്ദ്ര ചാറ്റർജി–ബംഗാളിലെ കർഷകർ നടത്തിയ സന്യാസി കലാപം പ്രമേയം
    b. നീൽ ദർപ്പൺ –നാടകം– ദിനബന്ധുമിത്ര –നീലം കർഷകരുടെ ചൂഷണം
    c. സാരേ ജഹാം സെ അച്ഛാ.–കവിത–മുഹമ്മദ് ഇഖ്ബാൽ –ഇന്ത്യയുടെ പ്രകൃതി ഭംഗിയും,ജനങ്ങളുടെ ഐക്യവുംപാടിപ്പുകഴ്ത്തി.
    d. ഗീതാഞ്ജലി –കവിത –ടാഗോർ , e. എന്റെ ഗുരുനാഥൻ,ബാപ്പുജി –വള്ളത്തോൾ

RATHEESH C V GHSS PERIKKALLOOR WAYANAD

# അധ്യായം : 6 സമരവും സ്വാതന്ത്ര്യവും

## ഫോക്കസ് ഏരിയ നോട്ട്

1. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രാദേശിക സമരങ്ങൾ (ആദ്യകാല സമരങ്ങൾ )

| സമരം | വർഷം | ലക്ഷ്യം | ഫലം |
|---|---|---|---|
| ചമ്പാരനിലെ നീലം കർഷക സമരം | 1917 | നീലം കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക | നീലം കർഷകർക്ക് അനുകൂലമായി നിയമം പാസാക്കി |
| അഹമ്മദാബാദ് തുണിമിൽ സമരം | 1918 | പ്ലേഗ് ബോണസ് ലഭിക്കാൻ | ശമ്പളവർധനവ് ലഭിച്ചു |
| ഖേഡ കർഷക സമരം | 1918 | കൃഷിനാശം വന്നതിനാൽ നികുതിയിളവ് ലഭിക്കുക | നികുതിയിളവ് ലഭിച്ചു |

2. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ

a. ഗാന്ധിയൻ ആശയങ്ങളും,സമരരീതികളും ജനങ്ങൾക്ക് പരിചയപ്പെടാൻ കഴിഞ്ഞു

b. വിദ്യാസമ്പന്നരിൽ ഒതുങ്ങിനിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണക്കാരും ആകർഷിക്കപ്പെട്ടു.

c. ദേശീയ പ്രസ്ഥാനം പട്ടണങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക് വ്യാപിച്ചു. d. എല്ലാവർക്കും സ്വീകാര്യനായ ദേശീയനേതാവായി ഗാന്ധിജി മാറി.

3. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ

| സമരം | വർഷം | ലക്ഷ്യം |
|---|---|---|
| നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും | 1920 | ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തുക,ഹിന്ദു-മുസ്ലീം മൈത്രി വളർത്തുക,സ്വദേശി പ്രോത്സാഹനം,ദേശീയവിദ്യാഭ്യാസം വളർത്തുക. |
| സിവിൽ നിയമലംഘന സമരം/ഉപ്പുസത്യാഗ്രഹം | 1930 | ബ്രിട്ടീഷുകാരുടെ ജനവിരുദ്ധ സിവിൽ നിയമങ്ങൾ ലംഘിക്കുക, പൂർണ്ണസ്വരാജ്. |
| ക്വിറ്റ് ഇന്ത്യാ സമരം | 1942 | എല്ലാ അധികാരങ്ങളും ഇന്ത്യക്ക് കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ സമരം |

4. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ :

A. വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക B. കോടതികൾ ബഹിഷ്കരിക്കുക C. ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക

D. തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക E. ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക F. നികുതി നൽകാതിരിക്കുക.

5. നിസ്സഹകരണ സമരത്തിനുള്ള ഗാന്ധിജിയുടെ ആഹ്വാനം ജനങ്ങൾ സ്വീകരിച്ചതിന് ഉദാഹരണങ്ങൾ

A. അവധിലെ കർഷകർ നികുതി നൽകാൻ വിസ്സമ്മതിച്ചു B. വിദ്യാർഥികൾ ബ്രിട്ടീഷ് സ്കൂളും കോളേജും ഉപേക്ഷിച്ചു

C. തൊഴിലാളികൾ പണിമുടക്കി D. വക്കീലന്മാർ കോടതിയിൽ പോകാൻ വിസ്സമ്മതിച്ചു E. ജനങ്ങൾ വിദേശവസ്തുങ്ങൾ കത്തിച്ചു

F. ആന്ധ്രയിലെ ഗിരിവർഗക്കാർ വനനിയമം ലംഘിച്ച് വനത്തിനുള്ളിൽ നിന്നും ഉത്പന്നങ്ങൾ ശേഖരിച്ചു

6. നിസ്സഹകരണ സമരത്തിൽ ബഹിഷ്കരണത്തോടൊപ്പം നടന്ന നിർമ്മാണപ്രവർത്തനങ്ങൾ

A. ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു B. ചർക്കയിൽ നൂൽ നൂറ്റ് ഖാദിവസ്തുങ്ങൾ നെയ്തു

C. ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു D. ഹിന്ദി പ്രചരിപ്പിച്ചു E. അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടത്തി

7. നിസ്സഹകരണ സമര കാലത്ത് ഇന്ത്യയിൽ ആരംഭിച്ച ദേശീയ വിദ്യാലയങ്ങൾ

കാശി വിദ്യാപീഠം , ഗുജറാത്ത് വിദ്യാപീഠം , ജാമിയ മില്ലിയ

8. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാക്കൾ – മൗലാന മുഹമ്മദലി , മൗലാന ഷൗക്കത്തലി

9. ഖിലാഫത്ത് പ്രസ്ഥാനവും ഇന്ത്യൻ ദേശീയപ്രസ്ഥാനവും ഒരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലങ്ങൾ

ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയിൽ എല്ലായിടത്തും എത്തി , ഹിന്ദു-മുസ്ലീം ഐക്യം ശക്തിപ്പെട്ടു

10. നിസ്സഹകരണ സമരം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം – ചൗരി ചൗര സംഭവം :

1922 ഫെബ്രുവരി 5 ന് ഉത്തർപ്രദേശിലെ ചൗരി ചൗര ഗ്രാമത്തിൽ ജനങ്ങൾക്കുനേരെ പോലീസ് വെടിവച്ചതിൽ രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ചു തീയിട്ടു. 22 പോലീസുകാർ കൊല്ലപ്പെട്ടു. തുടർന്ന് ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവച്ചു.

11. നെഹ്റുവിന്റെ അധ്യക്ഷതയിൽ 1929 ൽ ലാഹോറിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ തീരുമാനങ്ങൾ

1. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു.

2. ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.

12. സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച ആവശ്യങ്ങൾ :

A. ഉപ്പു നികുതി എടുത്തു കളയുക, B. കൃഷിക്കാർക്ക് 50 ശതമാനം നികുതിയിളവ് നൽകുക,

C. രാഷ്ട്രീ തടവുകാരെ വിട്ടയയ്ക്കുക, D. സൈനികച്ചെലവും ഉദ്യോഗസ്ഥ ശമ്പളവും കുറയ്ക്കുക E. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുക.

13. ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ :

a. ബ്രിട്ടീഷുകാരുടെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും ഉപ്പുനികുതിയായിരുന്നു

b. ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു c. തദ്ദേശീയ ഉപ്പുല്പാദനത്തിന് നിരോധനം ഏർപ്പെടുത്തിയത്

d. ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു e. സാധാരണക്കാരെ ഉണർത്താൻ പറ്റിയ ഒരു മുദ്രാവാക്യമായിരുന്നു ഇത്.

14. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ :

1. ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം

RATHEESH C V GHSS PERIKKALOOR WAYANAD

**2. വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി 3. രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ.**

**15. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ :**

**a. നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം b. കർഷകർ ഭൂനികുതി നൽകരുത്**

**c. സർക്കാർ ജീവനക്കാർ രാജിവയ്ക്കാതെ ദേശീയപ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം**

**d. പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവയ്ക്കാൻ വിസ്സമ്മതിക്കണം**

**e. കഴിയുമെങ്കിൽ സ്വാതന്ത്ര്യപ്രാപ്തിവരെ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.**

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. ജാലിയൻ വാലാബാഗ് കൂട്ടക്കൊല :

1919 ഏപ്രിൽ 13 ന് റൗലറ്റ് നിയമവിരുദ്ധ സമരത്തിന് നേതൃത്വം നൽകിയവരെ അറസ്റ്റു ചെയ്തതിൽ പ്രതിഷേധിക്കാൻ പഞ്ചാബ് അമൃതസറിലെ ജാലിയൻ വാലാബാഗിൽ ഒത്തുകൂടിയ ജനങ്ങൾക്കുനേരെ ജനറൽ ഡയറിന്റെ ഉത്തരവു പ്രകാരം പട്ടാളം വെടിവെച്ചു.379 പേർ കൊല്ലപ്പെട്ടു.

2. സ്വരാജ് പാർട്ടി -1923 ,സി ആർ ദാസ്,മോത്തിലാൽ നെഹ്റു എന്നിവർ രൂപീകരിച്ചു.

നിയമനിർമ്മാണസഭകളെ ബഹിഷ്ക്കരിക്കാതെ പോരാട്ടത്തിനും ബദൽ അഭിപ്രായത്തിനുമുള്ള വേദികളാക്കാൻ സഭകളിലേക്ക് മത്സരിച്ചു.

3. വിപ്ലവപ്രസ്ഥാനങ്ങൾ

| വിപ്ലവപ്രസ്ഥാനം | നേതാക്കൾ |
|---|---|
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ | 1928 ഡൽഹിയിൽ ചന്ദ്രശേഖർ ആസാദ്,ഭഗത്സിംഗ്,രാജ്ഗുരു,സുഖ്ദേവ് എന്നിവർ രൂപം നൽകി.കോളനിഭരണം അട്ടിമറിക്കുക,ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക്ക് സ്ഥാപിക്കുക,സായുധവിപ്ലവം സംഘടിപ്പിക്കുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. |
| അഭിനവ് ഭാരത് സൊസൈറ്റി | വി ഡി സവർക്കർ |
| അനുശീലൻ സമിതി | ബരീന്ദർ കുമാർ ഘോഷ്,പുലിൻ ബിഹാരി ദാസ് |
| ഗദർ പാർട്ടി | ലാലാ ഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | സൂര്യസെൻ |

4. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ :

നെഹ്റു,സുഭാഷ് ചന്ദ്രബോസ്,ജയപ്രകാശ് നാരായണൻ,അരുണാ ആസഫലി എന്നിവർ നേതാക്കൾ.

1934 ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ബോംബെയിൽ രൂപം കൊണ്ടു.

5. ഇന്ത്യൻ നാഷ്ണൽ ആർമി - INA - സുഭാഷ് ചന്ദ്രബോസ്

ലക്ഷ്യം - ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്ന് തുരത്തിയോടിക്കാൻ പോരാടുക. ഫോർവേഡ് ബ്ലോക്ക് എന്ന പാർട്ടി രൂപീകരിച്ചു

INA യുടെ വനിതാവിഭാഗം ജാൻസിറാണി റെജിമെന്റ് - ക്യാപ്റ്റൻ ലക്ഷ്മി

6. തൊഴിലാളി പ്രസ്ഥാനങ്ങൾ - അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് AITUC- 1920 എൻ.എം.ജോഷി , ലാലാ ലജ്പത്റായ്

ലക്ഷ്യങ്ങൾ- a. തൊഴിലാളിവർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും,പ്രവർത്തിക്കുകയും ചെയ്യുക

b. ഇന്ത്യൻ തൊഴിലാളിവർഗ്ഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളിവർഗ്ഗവുമായി ചേർന്നു പ്രവർത്തിക്കുക,

c. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്കുവഹിക്കുക

7. കർഷക പ്രസ്ഥാനങ്ങൾ- രൂപീകരണ കാരണങ്ങൾ :

ബ്രിട്ടീഷ് നികുതി നയങ്ങൾ,സെമീന്ദാർമാരുടെ ചൂഷണം,കാർഷിക ഉല്പന്നവിലയിടിവ്, അഖിലേന്ത്യ കിസാൻ സഭ – എൻ.ജി.രംഗ

8. കിസാൻ മാനിഫെസ്റ്റോയിലെ ആവശ്യങ്ങൾ :

a. ഭൂനികുതിയും പാട്ടവും 50 ശതമാനം കുറയ്ക്കുക b. കടങ്ങൾ മരവിപ്പിക്കുക c. ഫ്യൂഡൽനികുതികൾ റദ്ദാക്കുക

d. കർഷകയൂണിയനുകളെ അംഗീകരിക്കുക, e. മിനിമം വേതനം തൊഴിലാളിക്ക് ഉറപ്പാക്കുക.

9. മൗണ്ട് ബാറ്റൺ പദ്ധതി

a. മുസ്ലിം ഭൂരിപക്ഷ പ്രദേശത്ത് അവർക്ക് ആഗ്രഹമുണ്ടെങ്കിൽ ഒരു പ്രത്യേകരാജ്യം അനുവദിക്കണം,

b. വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം പാക്കിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്ന തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തും

c. ബംഗാൾ, പഞ്ചാബ് എന്നിവിടങ്ങളിലെ ഹിന്ദു മുസ്ലീം സംസ്ഥാനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് ഒരു അതിർത്തി നിർണ്ണയ കമ്മീഷനെ നിയമിക്കും. d. പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കണം.

## അധ്യായം : 7 സ്വാതന്ത്ര്യാനന്തര ഇന്ത്യ

## ഫോക്കസ് ഏരിയ നോട്ട്

**1. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികൾ :**

**a. ഇന്ത്യാ വിഭജനം – (ഇന്ത്യ ,പാക്കിസ്ഥാൻ) b. അഭയാർത്ഥി പ്രവാഹം – (ഭക്ഷണം ,പാർപ്പിടം പ്രശ്നങ്ങൾ )**

**c. വർഗ്ഗീയ ലഹളകൾ – (ഹിന്ദു -മുസ്ലിം) d. ഗാന്ധിജിയുടെ വധം – 1948 ജനുവരി 30 e. ഭാഷാ സംസ്ഥാന പുനഃസംഘടന**

**f. നാട്ടുരാജ്യങ്ങളുടെ സംയോജനം – ( സർദാർ പട്ടേൽ , വി പി മേനോൻ )**

**2. നാട്ടുരാജ്യങ്ങളുടെ സംയോജനം – a. സർദാർ വല്ലഭ്ഭായ് പട്ടേൽ , വി പി മേനോൻ എന്നിവർ നേതൃത്വം നൽകി**

**b. കേന്ദ്ര മന്ത്രിസഭയിലെ സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റിന്റെ ചുമതല സർദാർ വല്ലഭ്ഭായ് പട്ടേലിനായിരുന്നു**

**c. വി പി മേനോൻ ആയിരുന്നു ഈ വകുപ്പിന്റെ സെക്രട്ടറി**

**d. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് പട്ടേലും ,വി പി മേനോനും ചേർന്ന് ലയനക്കരാർ തയ്യാറാക്കി**

RATHEESH C V GHSS PERIKKALLOOR WAYANAD

e. കരാർ പ്രകാരം പ്രതിരോധം,വിദേശകാര്യം,വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം

f. ജനകീയ പ്രതിഷേധങ്ങളും ഗവൺമെന്റിന്റെ പ്രായോഗിക സമീപനങ്ങളുംമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ചു

g. ഹൈദരാബാദ്,കാശ്മീർ,ജുനാഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസ്സമ്മതിച്ചു

h. അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും പിന്നീടിവയെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു

3. ലയനക്കരാറിൽ ഒപ്പുവെയ്ക്കാൻ വിസ്സമ്മതിച്ച നാട്ടുരാജ്യങ്ങൾ :

ജുനാഗഡ് ,കാശ്മീർ ,ഹൈദരാബാദ്

4. ബ്രിട്ടീഷുകാർക്കുശേഷവും ഇന്ത്യയിൽ തുടർന്ന യൂറോപ്യന്മാർ :

| രാജ്യം | അധിനിവേശ പ്രദേശം | ഇന്ത്യയോടു ചേർക്കപ്പെട്ട വർഷം |
|---|---|---|
| ഫ്രാൻസ് | പോണ്ടിച്ചേരി,കാരയ്ക്കൽ,യാനം,മാഹി | 1954 |
| പോർച്ചുഗൽ | ഗോവ,ദാമൻ,ദിയു | 1961 |

5. ഇന്ത്യയും ബഹിരാകാശ ഗവേഷണവും :

a. 1962 ൽ നെഹ്റു ,വിക്രം സാരാഭായി എന്നിവരുടെ നേതൃത്വത്തിൽ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകരിച്ചു.

b. 1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) രൂപീകരിച്ചു.

c. തുമ്പയിൽ ഇന്ത്യയിലെ ആദ്യ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ആരംഭിച്ചു.

d. 1975 ൽ ഇന്ത്യ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.

e. ബഹിരാകാശ വിക്ഷേപണ വാഹനങ്ങൾ ഇന്ത്യ വികസിപ്പിച്ചെടുത്തു.

f. ഉപഗ്രഹങ്ങൾ വികസിപ്പിക്കാൻ നാഷ്ണൽ റിമോട്ട് സെൻസിങ് ഏജൻസി,ഫിസിക്കൽ റിസർച്ച് ലബോറട്ടറി തുടങ്ങിയ ഏജൻസികൾ സഹായിക്കുന്നു.

g. മിസൈൽ സാങ്കേതിക വിദ്യയിൽ പുരോഗതി നേടി.അഗ്നി,പൃഥ്വി തുടങ്ങിയവ മിസൈലുകളാണ്.

h. 2008 ൽ ചന്ദ്രയാൻ ദൗത്യത്തിലൂടെ ചന്ദ്ര പരീക്ഷണത്തിന് തുടക്കമിട്ടു.

i. 2013 ൽ മംഗൾയാൻ വിക്ഷേപണത്തിലൂടെ ചൊവ്വ പരീക്ഷണത്തിന് തുടക്കമിട്ടു.

6. ഇന്ത്യയുടെ വിദേശനയത്തിന്റെ മുഖ്യ ശില്പി – ജവഹർലാൽ നെഹ്റു

7. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ :

a. സാമ്രാജ്യത്തോടും കോളനിവ്യവസ്ഥയോടുമുള്ള എതിർപ്പ്
b. വംശീയവാദത്തോടുള്ള വിദ്വേഷം
c. ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
d. പഞ്ചശീലതത്വങ്ങൾ
e. ചേരിചേരായ്മ
f. സമാധാനപരമായ സഹവർത്തിത്വം
g. വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ

8. പഞ്ചശീലതത്വങ്ങൾ – 1954 ൽ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാർ– നെഹ്റുവും ചൗ എൻ ലായിയും ഒപ്പുവെച്ചു.

1. പരസ്പരം ആക്രമിക്കാതിരിക്കുക
2. ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
3. സമത്വവും പരസ്പര സഹായവും പുലർത്തുക
4. സമാധാനപരമായ സഹവർത്തിത്വം പാലിക്കുക
5. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. ഇന്ത്യൻ ഭരണഘടനാ രൂപീകരണം

a. 1946 ൽ ഡോ.രാജേന്ദ്ര പ്രസാദ് അധ്യക്ഷനായി ഭരണഘടനാ നിർമാണസഭ രൂപീകരിച്ചു.

b. ഭരണഘടന എഴുതി തയ്യാറാക്കാനായി ബി അർ അംബേദ്കർ ചെയർമാനായി ഡ്രാഫ്റ്റിംങ് കമ്മിറ്റിയെ നിയമിച്ചു.

c. 1949 നവംബർ 26 ന് ഇന്ത്യൻ ഭരണഘടന പാസ്സാക്കി.

d. 1950 ജനവരി 26 ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു.ഇന്ത്യ റിപ്പബ്ലിക്കായി

e. 1951-52 കാലയളവിൽ ആദ്യ പൊതുതിരഞ്ഞെടുപ്പ് നടന്നു.

2. ഭാഷാസംസ്ഥാന പുനസംഘടന

a. തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാ സംസ്ഥാനം എന്ന ആവശ്യവുമായി പോറ്റി ശ്രീരാമലു നിരാഹാരസമരം നടത്തി മരണമടഞ്ഞു.

b. ജനകീയ പ്രക്ഷോഭം ശക്തമായപ്പോൾ 1953 ൽ ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിച്ചു.

c.സംസ്ഥാന പുനസംഘടനാ കമ്മീഷനെ നിയമിച്ചു.ഫസൽ അലി, എച്ച്.എൻ.കുൻസ്രു, കെ.എം. പണിക്കർ

d. കമ്മീഷൻ റിപ്പോർട്ട് പ്രകാരം 1956 ൽ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം പാസ്സാക്കി.

e. 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

3. ഇന്ത്യൻ സമ്പദ് വ്യവസ്ഥ സാമ്പത്തിക മുന്നേറ്റം :

a. ഇന്ത്യ മിശ്ര സമ്പദ് വ്യവസ്ഥ സ്വീകരിച്ചു.മുതലാളിത്വ -സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥകളുടെ സമന്വയം.കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണം നെഹ്റു കൊണ്ടുവന്നു.

b. 1950 ൽ നെഹ്റു അധ്യക്ഷനായി ആസൂത്രണ കമ്മീഷൻ രൂപീകരിച്ചു.

c. 1951 ൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചു.വിദേശസഹായത്തോടെ ഇരുമ്പുരുക്കുശാലകൾ ആരംഭിച്ചു.

d. പഞ്ചവത്സര പദ്ധതികളിലൂടെ കാർഷിക - വ്യാവസായിക വളർച്ചയും ദാരിദ്ര നിർമാർജ്ജനം,ഊർജോൽപ്പാദനം,വിദ്യാഭ്യാസ പുരോഗതി എന്നിവയും ഉണ്ടായി.

e. ജലസേചന – വൈദ്യുതോർജ്ജ സൗകര്യത്തിനായി വൻകിട അണക്കെട്ടുകൾ നിർമ്മിച്ചു.

4. ശാസ്ത്ര – സാങ്കേതിക നേട്ടങ്ങൾ :

a. നിരവധി ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചു.ശാസ്ത്ര -വ്യാവസായിക ഗവേഷണ സമിതി,ഇന്ത്യൻ കാർഷിക ഗവേഷണ സമിതി, ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി.

RATHEESH C V GHSS PERIKKALLOOR WAYANAD

b. ശാസ്ത്ര -വ്യാവസായിക ഗവേഷണ സമിതി പദ്ധതികളുടെ നേതൃത്വം ഹോമി ജെ ഭാഭയ്ക്കും,എസ്.എൻ.ഭട്നാഗറിനുമായിരുന്നു. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്,ഇന്ത്യൻ ആണവോർജ കമ്മീഷൻ എന്നിവയ്ക്ക് ഹോമി ജെ ഭാഭ നേതൃത്വം നൽകി.

c. ലോകോത്തര നിലവാരമുള്ള നിരവധി എൻജിനീയറിങ് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.

d. 5 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT) 1954-64 ൽ സ്ഥാപിതമായി.

e. മെഡിക്കൽ വിദ്യാഭ്യാസം,ബയോമെഡിക്കൽ എൻജിനീയറിങ്,ജനിതക ശാസ്ത്രം, ജൈവ സാങ്കേതികവിദ്യ,ആരോഗ്യം,ഗതാഗതം, സമുദ്ര ഗവേഷണം,ഐ ടി, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ നേട്ടം കൈവരിച്ചു.

5. വിദ്യാഭ്യാസ പുരോഗതി :

a. സ്വാതന്ത്ര്യാനന്തരം തദ്ദേശീയ വിദ്യാഭ്യാസനയം രൂപപ്പെടുത്താൻ കമ്മീഷനുകളെ നിയമിച്ചു.

b. ഡോ.രാധാകൃഷ്ണൻ കമ്മീഷൻ -1948 -കോളേജ് വിദ്യാഭ്യാസം , UGC , തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.

c. ഡോ.ലക്ഷ്മണസ്വാമി -മുതലിയാർ കമ്മീഷൻ -1952,സെക്കണ്ടറി വിദ്യാഭ്യാസം,ത്രിഭാഷ പദ്ധതി,അധ്യാപകപരിശീലന സമിതി രൂപീകരണം.

d. ഡോ.ഡി എസ് കോത്താരി കമ്മീഷൻ -1964 -ദേശീയ വിദ്യാഭ്യാസ മതൃക - 10+ 2+3 മാതൃക

e. 1968 ലും 1986 ലും ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചു. f. വിദ്യാഭ്യാസ പദ്ധതികൾ - OBB,MLL,DPEP,SSA,RMSA,RUSA

g. വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ - NCERT,SCERT,DIET,BRC h. 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കി.

6. 1986 ലെ ദേശീയ വിദ്യാഭ്യാസ നയം - പ്രധാന നിർദ്ദേശങ്ങൾ

a. പ്രാഥമിക വിദ്യാഭ്യാസത്തിനും,ഉടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം

b. പ്രൈമറിതല വിദ്യാഭ്യാസം സാർവത്രികമാക്കാനും ,സ്കൂൾ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതി നടപ്പാക്കണം.

c. ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം d. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം

7.സാംസ്കാരികനേട്ടങ്ങൾ

| സ്ഥാപനം | പ്രവർത്തനം | ആസ്ഥാനം |
|---|---|---|
| സംഗീത നാടക അക്കാദമി | സംഗീത -നാടക പ്രോത്സാഹനം | ന്യൂഡൽഹി |
| ലളിതകലാ അക്കാദമി | ഇന്ത്യൻ കലകളുടെ പ്രചാരണം | |
| സാഹിത്യ അക്കാദമി | ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം | |
| നാഷ്ണൽ സ്കൂൾ ഓഫ് ഡ്രാമ | നാടക പ്രോത്സാഹനം | |
| നാഷ്ണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ | കുറഞ്ഞ ചെലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക,വായന വളർത്തുക,ഇന്ത്യൻ പുസ്തകങ്ങളുടെ പ്രോത്സാഹനം | |

## അധ്യായം : 8 കേരളം ആധുനികതയിലേക്ക്

## ഫോക്കസ് ഏരിയ നോട്ട്

**1. ബ്രിട്ടീഷ് ചൂഷണത്തിനെതിരെ കേരളത്തിലുണ്ടായ ആദ്യകാല ചെറുത്തുനിൽപ്പുകൾ :**

| വ്യക്തി | പ്രദേശം | കാരണം |
|---|---|---|
| കേരളവർമ്മ പഴശ്ശിരാജ | മലബാർ | അധികാരം നൽകാമെന്ന വാഗ്ദാനം ലംഘിച്ചത് |
| വേലുത്തമ്പി ദളവ | തിരുവിതാംകൂർ | ആഭ്യന്തരകാര്യങ്ങളിൽ അമിതമായി ഇടപെട്ടത് |
| പാലിയത്തച്ചൻ | കൊച്ചി | ആഭ്യന്തരകാര്യങ്ങളിൽ അമിതമായി ഇടപെട്ടത് |

**2. പഴശ്ശിക്കലാപങ്ങൾ : കേരളവർമ്മ പഴശ്ശിരാജ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ ചെറുത്തുനിൽപ്പുകൾ നടത്തി. മുൻ ധാരണപ്രകാരം കോട്ടയം പ്രദേശത്തെ നികുതി പിരിവധികാരം പഴശ്ശിക്ക് നൽകാതിരുന്നതും ബ്രിട്ടീഷുകാർ വയനാടിന് മേൽ അവകാശവാദം ഉന്നയിച്ചതുമാണ് പഴശ്ശികലാപങ്ങൾക്ക് കാരണം.എടച്ചേന കുങ്കൻ ,തലയ്ക്കൽ ചന്തു തുടങ്ങിയവരുടെ സഹായത്തോടെ പഴശ്ശി ബ്രിട്ടീഷുകാർക്കെതിരെ ഒളിപ്പോർ നടത്തി. 1805 നവംബർ 30 ന് പഴശ്ശി മരണമടഞ്ഞു.**

**3. കേരളത്തിലെ സാമൂഹിക പരിഷ്കരണം : കേരളീയ സമൂഹം - പ്രത്യേകതകൾ**

**a. ജാതി വ്യവസ്ഥ കർക്കശമായിരുന്നു b. താഴ്ന്നജാതിക്കാരെ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായാണ് പരിഗണിച്ചത്**

**c. സാമൂഹ്യ പദവി ജനിച്ച ജാതിയെ അടിസ്ഥാനമാക്കിയായിരുന്നു**

**d. ഓരോ ജാതിയിലും ധാരാളം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നു**

**4. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപം കൊള്ളാൻ കാരണം :**

**a. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരം b. പാശ്ചാത്യ ആശയങ്ങളോടുള്ള സമ്പർക്കം**

**c. ജാതി വ്യവസ്ഥയുടെയും അന്ധവിശ്വാസങ്ങളുടെയും യുക്തിരാഹിത്യം ബോധ്യപ്പെട്ടത്**

**5.സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ :**

| സാമൂഹിക പരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ /പ്രവർത്തനങ്ങൾ | സാമൂഹിക പരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ /പ്രവർത്തനങ്ങൾ |
|---|---|---|---|
| വൈകുണ്ഠസ്വാമികൾ | സമത്വസമാജം | വാഗ്ഭടാനന്ദൻ | ആത്മവിദ്യാസംഘം |
| ചട്ടമ്പിസ്വാമികൾ | കൂട്ടുകുടുംബവ്യവസ്ഥ,സംബന്ധം,മരുമ | സഹോദരൻ അയ്യപ്പൻ | സഹോദര പ്രസ്ഥാനം |

RATHEESH C V GHSS PERIKKALLOOR WAYANAD

| | | | |
|---|---|---|---|
| | ക്കത്തായം എന്നിവയ്ക്കെതിരെ പോരാടി | | |
| ശ്രീനാരായണ ഗുരു | ശ്രീനാരായണധർമപരിപാലനയോഗം | പണ്ഡിറ്റ് കെ.പി.കറുപ്പൻ | അരയസമാജം |
| കര്യാക്കോസ് ഏലിയാസ് ചാവറ | അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു | മന്നത്ത് പത്മനാഭൻ | നായർ സർവീസ് സൊസൈറ്റി |
| അയ്യങ്കാളി | സാധുജനപരിപാലനസംഘം | വി.ടി.ഭട്ടതിരിപ്പാട് | യോഗക്ഷേമസഭ |
| വക്കം അബ്ദുൽഖാദർ മൗലവി | തിരുവിതാംകൂർ മുസ്ലീം മഹാജനസഭ | കുമാരഗുരു ദേവൻ | പ്രത്യക്ഷരക്ഷാദൈവസഭ |

6. ചാന്നാർ ലഹള :
   a. മാറുമറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ നടത്തിയ പോരാട്ടം.
   b. 1859 ൽ ജാക്കറ്റും മേൽമുണ്ടും ധരിക്കാൻ അവർക്ക് അവകാശം ലഭിച്ചു.
7. ശ്രീനാരായണ ഗുരുവും സാമൂഹിക പരിഷ്കരണവും :
   a. 1888 ൽ അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠയിലൂടെ അവർണ്ണർക്കും ക്ഷേത്രകർമ്മവും പൂജകളും ചെയ്യാൻ അവകാശമുണ്ടെന്ന് സ്ഥാപിച്ചു
   b. വിജ്ഞാനത്തിന് പ്രാധാന്യം നൽകിയ ഗുരു ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.
   c. വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടനകൊണ്ട് ശക്തരാകാനും ഉദ്ബോധിപ്പിച്ചു
   d. ആലുവയിൽ സർവമത സമ്മേളനം വിളിച്ചുകൂട്ടി. e. മനുഷ്യസ്നേഹത്തിനും സർവമതസാഹോദര്യത്തിനും പ്രാധാന്യം നൽകി.
8. വൈക്കം സത്യാഗ്രഹം – 1924 : a. ടി കെ മാധവൻ ആയിരുന്നു നേതാവ്
   b. വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ സഞ്ചാരസ്വാതന്ത്ര്യത്തിനായി നടന്ന പ്രക്ഷോഭം
   c. ഈ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണ്ണ ജാഥ സംഘടിപ്പിച്ചു.
   d. സമരഫലമായി വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്രചെയ്യാൻ അവർണ്ണജാതിക്കാർക്ക് അനുവാദം ലഭിച്ചു.
9. ഗുരുവായൂർ സത്യാഗ്രഹം – 1931 :
   a. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന സമരം.
   b. കെ കേളപ്പനായിരുന്നു നേതാവ് c. എ കെ ഗോപാലനായിരുന്നു സമര വാളണ്ടിയർ ക്യാപ്റ്റൻ
   d. ജനകീയ സമരത്തിനൊടുവിൽ 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചു. തുടർന്ന് എല്ലാ വിഭാഗക്കാർക്കും ആരാധനാ സ്വാതന്ത്ര്യം ലഭിച്ചു
10. ദേശീയ പ്രസ്ഥാനവും സ്ത്രീകളും :
   a. ഗാന്ധിജിയുടെ വരവോടെയാണ് സ്ത്രീകൾ കൂടുതലായി ദേശീയപ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടത്.
   b. വിദേശവസ്തു ബഹിഷ്കരണം ,മദ്യഷാപ്പ് പിക്കറ്റിങ് , അയിത്തോച്ചാടനം ,ഹരിജനോദ്ധാരണം,ഖാദി പ്രചാരണം എന്നിവ സ്ത്രീ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു.
   c. 1931 ൽ കോൺഗ്രസ്സിന്റെ വടകര സമ്മേളന ഭാഗമായി മഹിളാസമ്മേളനം ചേർന്നു.ഇതാണ് കേരളത്തിലെ ആദ്യ മഹിളാസമ്മേളനം
   d. മലബാറിൽ എ വി കുട്ടിമാളു അമ്മയും തിരുവിതാംകൂറിൽ അക്കമ്മ ചെറിയാൻ ,ആനി മസ്ക്രീൻ എന്നിവരും ദേശീയ പ്രക്ഷോഭത്തിന് നേതൃത്വം നൽകി.

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. കേരളത്തിലെത്തിയ യൂറോപ്യന്മാർ : പോർച്ചുഗീസുകാർ , ഡച്ചുകാർ , ഫ്രഞ്ചുകാർ , ഇംഗ്ലീഷുകാർ
   ലക്ഷ്യം - കുരുമുളകുൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ വ്യാപാരത്തിന്റെ കുത്തക സ്വന്തമാക്കുക
2. കേരളം ഈസ്റ്റിന്ത്യാ കമ്പനിയുടെ ആധിപത്യത്തിലേയ്ക്ക് :
   a. 1615 ൽ കമ്പനിയുടെ പ്രതിനിധി ക്യാപ്റ്റൻ വില്യം കീലിങ് സാമൂതിരിയുമായി വ്യാപാര ഉടമ്പടി ഒപ്പുവെച്ചു.
   b. വിഴിഞ്ഞം,തലശ്ശേരി,അഞ്ചുതെങ്ങ് എന്നിവിടെ പാണ്ടികശാലകൾ ആരംഭിക്കാൻ കമ്പനി അനുമതി നേടി.
   c. അഞ്ചുതെങ്ങിൽ കോട്ട പണിയാൻ ആറ്റിങ്ങൽ റാണിയിൽ നിന്ന് അനുവാദം നേടി
   d. 1792 ൽ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചു
   e. 1792 ൽ കൊച്ചി രാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച് കപ്പം നൽകാൻ തുടങ്ങി.
   f. 1795 ലെ ഉടമ്പടി പ്രകാരം തിരുവിതാംകൂറും ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു
3. വേലുത്തമ്പി ദളവ :
   തിരുവിതാംകൂറിന്റെ ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർ അമിതമായി ഇടപെടുന്നതിനെതിരെ വേലുത്തമ്പി കലാപം ആരംഭിച്ചു. 1809 ജനുവരി 11 ന് പുറത്തിറക്കിയ കുണ്ടറവിളംബരത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്തു പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. ബ്രിട്ടീഷ് സൈന്യത്തിന് പിടികൊടുക്കാതെ വേലുതമ്പി മണ്ണടി ക്ഷേത്രത്തിൽവെച്ച് ആത്മഹത്യ ചെയ്തു
4. പാലിയത്തച്ചൻ :
   കൊച്ചിയുടെ ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർ അമിതമായി ഇടപെടുന്നതിനെതിരെ പാലിയത്തച്ചൻ കലാപം ആരംഭിച്ചു.ബ്രിട്ടീഷ് റസിഡന്റ് മെക്കാളയുടെ വസതി കൊച്ചി-തിരുവിതാംകൂർ സൈന്യം ആക്രമിച്ചെങ്കിലും പിടിച്ചുനിൽക്കാനായില്ല.കീഴടങ്ങിയ പാലിയത്തച്ചനെ മദ്രാസിലേക്ക് നാടുകടത്തി.
5. ബ്രിട്ടീഷ് ഭരണവും ഭൂബന്ധങ്ങളിലുണ്ടായ മാറ്റവും : a. ബ്രിട്ടീഷ് ഭരണത്തിൽ നാടുവാഴികളും ജന്മിമാരും ഭൂവുടമകളായി മാറി.
   b. 1929 ൽ മലബാർ കുടിയായ്മനിയമം നടപ്പിലാക്കി.കർഷകർക്ക് ഭൂമിയുടെമേൽ നാമമാത്രമായ അവകാശം ലഭിച്ചു.
   c. 1865 ൽ പണ്ടാരപാട്ട വിളംബരം -തിരുവിതാംകൂറിലെ പണ്ടാരവക ഭൂമിയിലെ കുടിയാന്മാർക്ക് കൃഷി ചെയ്യുന്ന ഭൂമി സ്വന്തമായി നൽകി
   d. 1896 -ജന്മി-കുടിയാൻ നിയമം -തിരുവിതാംകൂറിലെ കുടിയാന് ഭൂമിയുടെമേൽ ഉടമാവകാശം ലഭിച്ചു.

RATHEESH CV GHSS PERIKKALLOOR WAYANAD

6. കേരളത്തിലെ വ്യാപാരവാണിജ്യം മെച്ചപ്പെടുത്താൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികൾ :
   a. കേരളത്തിലുണ്ടായിരുന്ന വ്യാപാര നിയമങ്ങൾ തങ്ങൾക്കനുകൂലമായി ഭേദഗതി ചെയ്തു .
   b. ഏകീകരിച്ച നാണയവ്യവസ്ഥയും അളവുതൂക്ക സമ്പ്രദായവും നടപ്പിലാക്കി
   c. ഗതാഗത സൗകര്യം കൂട്ടാൻ റോഡുകളും പാലങ്ങളും റെയിൽപ്പാളങ്ങളും നിർമ്മിച്ചു.
   d. ചരക്കുഗതാഗതം സുഗമമാക്കാൻ കൊച്ചി ,കോഴിക്കോട്,ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ചു.

7. കേരളത്തിൽ ആരംഭിച്ച തോട്ടവ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും :

| തോട്ടവ്യവസായങ്ങൾ | പരമ്പരാഗത വ്യവസായങ്ങൾ |
|---|---|
| തേയില-തേയില ഫാക്ടറി<br>കാപ്പി -കാപ്പിക്കുരു സംസ്കരണ ഫാക്ടറി<br>റബർ -റബർ ഫാക്ടറി | എണ്ണയാട്ടുമില്ലുകൾ ,കയർ ഫാക്ടറി,കശുവണ്ടി ഫാക്ടറി,<br>ഓട്ടുകമ്പനികൾ, കൈത്തറി നിർമ്മാണ ശാലകൾ<br>ബീഡി നിർമ്മാണ കമ്പനികൾ |

8. കേരളത്തിൽ സ്ഥാപിക്കപ്പെട്ട ആധുനിക വ്യവസായ ശാലകൾ :
   a. പുനലൂർ പേപ്പർമിൽ b. കളമശ്ശേരിയിലെ ഫാക്ട് c. കുണ്ടറ സിറാമിക്സ് d. തിരുവനന്തപുരത്തെ റബർവർക്സ്
   e. കൊച്ചിയിലെ ടാറ്റാ ഓയിൽ മിൽസ് f. കൊച്ചിയിലെ അളഗപ്പ തുണിമിൽ

9. മലയാളഭാഷാ വളർച്ചയിൽ യൂറോപ്യൻ സ്വാധീനം - സംസ്കാരിക മേഖലയിലെ ബ്രിട്ടീഷ് സ്വാധീനം :
   a. മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥം ഡോക്ടർ ആഞ്ചലോസ് ഫ്രൻസിസ് തയ്യാറാക്കി.
   b. മലയാളഭാഷയിലെ ആദ്യനിഘണ്ടു അർണോസ് പാതിരി തയ്യാറാക്കി
   c. മലയാളഭാഷയിൽ അച്ചടിച്ച ആദ്യ സമ്പൂർണ്ണ ഗ്രന്ഥം സംക്ഷേപവേദാർഥം
   d. ഇംഗ്ലീഷ്-മലയാളം നിഘണ്ടു -ബെഞ്ചമിൻ ബെയ് ലി തയ്യാറാക്കി
   e. മലയാളം -ഇംഗ്ലീഷ് നിഘണ്ടു,മലയാളത്തിലെ ആദ്യ പത്രങ്ങളായ രാജ്യസമാചാരം,പശ്ചിമോദയം എന്നിവ ഡോ. ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കി

10. കേരളത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയ മിഷനറി സംഘങ്ങൾ :

| മിഷനറി സംഘം | പ്രവർത്തനമേഖല |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി (L M S ) | തിരുവിതാംകൂർ |
| ചർച്ച് മിഷൻ സൊസൈറ്റി ( C M S ) | തിരുവിതാംകൂർ,കൊച്ചി |
| ബാസൽ ഇവാൻഞ്ചലിക്കൽ മിഷൻ (B E M ) | മലബാർ |

11. ബ്രിട്ടീഷുകാരുടെ വരവ് കേരളത്തിലെ നിയമ - ആരോഗ്യ രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ :

| നിയമരംഗം | ആരോഗ്യരംഗം |
|---|---|
| a. കേരളത്തിലുണ്ടായിരുന്ന ജാതി അടിസ്ഥാനമാക്കിയ നീതിന്യായവ്യവസ്ഥ പരിഷ്കരിച്ചു<br>b. ഏകീകൃത ശിക്ഷാവിധികൾ നടപ്പിലാക്കി<br>c. നിയമത്തിനുമുമ്പിൽ എല്ലാവരേയും തുല്യരായി പരിഗണിച്ചു<br>d. വിചാരണകോടതികൾ സ്ഥാപിച്ചു.<br>e. മരുമക്കായ നിയമങ്ങൾ പരിഷ്കരിച്ചു -മക്കത്തായ സമ്പ്രദായം നടപ്പാക്കി | a. ആയുർവേദചികിത്സാരീതിയുടെ സ്ഥാനത്ത് അലോപ്പതി ചികിത്സാരീതിക്ക് പ്രാധാന്യം ലഭിച്ചു.<br>b. വസൂരി പ്രതിരോധ കുത്തിവയ്പ്പ് മലബാറിൽ തുടങ്ങി<br>c. മലബാർ,തിരുവിതാംകൂർ,കൊച്ചി എന്നിവിടങ്ങളിൽ സർക്കാർ ആശുപത്രികൾ ആരംഭിച്ചു<br>d. തിരുവിതാംകൂറിലേക്ക് ഇംഗ്ലണ്ടിൽനിന്ന് മരുന്നുകൾ ഇറക്കുമതി ചെയ്തു |

12. കേരളത്തിലെ ദേശീയ പ്രസ്ഥാനം / ഉത്തരവാദഭരണ പ്രക്ഷോഭങ്ങൾ കേരളത്തിൽ :
    കേരളത്തിലെ ദേശീയ പ്രസ്ഥാനം മലബാർ ,കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലായി വ്യാപിച്ചുകിടന്നു.

**A.മലബാർ**

a. 1916 ൽമലബാർ ജില്ലാ കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം പാലക്കാട് നടന്നു.
b. 1920 ൽ ഖിലാഫത്ത് കമ്മറ്റി രൂപീകരിച്ചു.ഗാന്ധിജിയും ഷൗക്കത്തലിയും കോഴിക്കോട്ടെത്തി പിന്തുണ പ്രഖ്യാപിച്ചു
c. 1921 ൽ മലബാർ കലാപം നടന്നു.മലബാറിലെ കർഷകരായ മാപ്പിള മുസ്ലീങ്ങൾ ബ്രട്ടീഷുകാർക്കെതിരെ ശക്തമായ പോരാട്ടം നടത്തി
d. 1930 കളിൽ നിയമലംഘനപ്രസ്ഥാനം മലബാറിൽ ശക്തമായി.കെ കേളപ്പൻ,മുഹമ്മദ് അബ്ദുറഹിമാൻ എന്നിവരുടെ നേതൃത്വത്തിൽ പയ്യന്നൂരും കോഴിക്കോട്ടും നിയമം ലംഘിച്ച് ഉപ്പുണ്ടാക്കി
e. 1939 ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപപ്പെട്ടു.ഇവർ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ച് ജന്മിത്തത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുമെതിരെ സമരം നടത്തി .
f. കീഴരിയൂർ ബോംബ് കേസ് - ഫറോക്ക് പാലം തകർക്കാൻ കെ.ബി.മേനോൻ,കുഞ്ഞിരാമകിടാവ് എന്നിവരുടെ നേതൃത്വത്തിൽ ഗൂഢാലോചന നടന്നു എന്ന് ആരോപിച്ച് 27 പേരെ പ്രതിചേർത്ത് കേസ് ഫയൽ ചെയ്തു.

**B.തിരുവിതാംകൂർ**

a. മലയാളി മെമ്മോറിയൽ -1891 :
   സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് മതിയായ പ്രാധിനിധ്യം ആവശ്യപ്പെട്ട് ബാരിസ്റ്റർ ജി പി പിള്ളയുടെ നേതൃത്വത്തിൽ പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം മഹാരാജാവിന് സമർപ്പിച്ചു.ഇതാണ് മലയാളിമെമ്മോറിയൽ.
b. ഈഴവ മെമ്മോറിയൽ -1896 : ഡോ.പൽപ്പുവിന്റെ നേതൃത്വത്തിൽ ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാട്ടി മഹാരാജാവിന് സമർപ്പിച്ച മെമ്മോറാണ്ടം.

RATHEESH C V GHSS PERIKKALLOOR WAYANAD

c. നിവർത്തന പ്രക്ഷോഭം -1932 :

സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യ ആനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യൻ - മുസ്ലിം-ഈഴവ സമുദായക്കാർ 1932 ൽ നടത്തിയ പ്രക്ഷോഭം.N V ജോസഫ് ,P K കുഞ്ഞ് ,C.കേശവൻ എന്നിവരായിരുന്നു നേതാക്കൾ.

d. പുന്നപ്ര -വയലാർ സമരം -1946 :ദിവാൻ സർ സി പി രാമസ്വാമി അയ്യരുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ തൊഴിലാളികൾ നടത്തിയ സമരം.

**C. കൊച്ചി**

a. ഇലക്ട്രിസിറ്റി സമരം - 1936 :ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതി വിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ നടന്ന സമരം. ഇതോടെ കൊച്ചിയിൽ ഉത്തരവാദഭരണത്തിനുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

b. 1941 ൽ കൊച്ചിരാജ്യ പ്രജാമണ്ഡലം രൂപീകൃതമായശേഷം രാഷ്ട്രീയ സമരങ്ങൾ ശക്തിപ്പെട്ടു.ഇ.ഇക്കണ്ടവാര്യർ ,പനമ്പള്ളി ഗോവിന്ദമേനോൻ കെ.അയ്യപ്പൻ എന്നിവരായിരുന്നു നേതാക്കൾ.

13. ഐക്യകേരള രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ :

a. ഒരേ ഭാഷ സംസാരിക്കുന്നവരെങ്കിലും മലയാളികൾ മലബാർ ,കൊച്ചി, തിരുവിതാംകൂർ എന്നീ വ്യത്യസ്ത ഭരണമേഖലകളിലായി ഭിന്നിച്ചുകിടക്കുകയായിരുന്നു.

b. 1920 ൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു

c. 1921 ഏപ്രിൽ 23 മുതൽ 26 വരെ ഒറ്റപ്പാലത്ത് കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു.തുടർന്ന് 3 പ്രദേശങ്ങളും ചേർത്ത് കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി ( KPCC) നിലവിൽവന്നു

d. നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനം സ്വാതന്ത്ര്യാനന്തരം പ്രത്യേക കേരളസംസ്ഥാനമെന്ന പ്രമേയം അവതരിപ്പിച്ചു

e. 1947 ൽ കേളപ്പന്റെ അധ്യക്ഷതയിൽ തൃശ്ശൂരിൽ ചേർന്ന ഐക്യകേരളകൺവെൻഷനിലും പിന്നീട് ആലുവയിൽ ചേർന്ന സമ്മേളനത്തിലും ഐക്യകേരളപ്രമേയം പാസ്സാക്കി

f. 1949 ജൂലൈ 1 ന് തിരുവിതാംകൂറിനേയും കൊച്ചിയെയും സംയോജിപ്പിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു

g. സംസ്ഥാന പുനസംഘടന കമ്മീഷന്റെ ശുപാർശപ്രകാരം 3 പ്രദേശങ്ങളും ഉൾപ്പെടുത്തി 1956 നവംബർ 1 ന് കേരളസംസ്ഥാനം രൂപീകൃതമായി

h. തിരുവിതാംകൂറിന്റെ ചില ഭാഗങ്ങൾ മദിരാശി സംസ്ഥാനത്തിനു വിട്ടുകൊടുത്തു.തെക്കൻ കർണ്ണാടകത്തിന്റെ ചില ഭാഗങ്ങൾ കേരളത്തോട് കൂട്ടിച്ചേർത്തു.

## അധ്യായം : 9 രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

## ഫോക്കസ് ഏരിയ നോട്ട്

**1. രാഷ്ട്രത്തിന്റെ ചുമതലകൾ - രണ്ടു തരം**

**a. നിർബന്ധിതമായ ചുമതലകൾ - രാഷ്ട്രം എല്ലാകാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകൾ.**

**ഉദാ. അതിർത്തിസംരക്ഷണം,ആഭ്യന്തര സമാധാനം,അവകാശ സംരക്ഷണം,നീതി നടപ്പാക്കൽ.**

**b. വിവേചനപരമായ ചുമതലകൾ - രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ**

**ഉദാ. വിദ്യാഭ്യാസം,ആരോഗ്യസംരക്ഷണം,ക്ഷേമപദ്ധതികൾ,ഗതാഗതസൗകര്യം ഒരുക്കുക**

**2. രാഷ്ട്രരൂപീകരണസിദ്ധാന്തങ്ങൾ**

**a. ദൈവദത്ത സിദ്ധാന്തം-രാഷ്ട്രം ദൈവസൃഷ്ടിയാണ്,രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്,രാജാവിന് ദൈവത്തോട് മാത്രമാണ് കടപ്പാട്.**

**b. പരിണാമ സിദ്ധാന്തം - രാഷ്ട്രം ചരിത്രസൃഷ്ടിയാണ്,സാമൂഹികപരിണാമ പ്രക്രിയയുടെ ഫലമായി രാഷ്ട്രം രൂപം കൊണ്ടു.**

**c. സാമൂഹിക ഉടമ്പടി സിദ്ധാന്തം - ജനങ്ങളുണ്ടാക്കിയ ഒരു കരാറിലൂടെ രാഷ്ട്രം രൂപം കൊണ്ടു.**

**d. ശക്തി സിദ്ധാന്തം - ശക്തർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.**

**3. പൗരത്വം - ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം . പൗരത്വം രണ്ടുതരം.**

**a. സ്വാഭാവിക പൗരത്വം - ജന്മനാ ലഭിക്കുന്ന പൗരത്വമാണ് സ്വാഭാവിക പൗരത്വം.**

**b. ആർജ്ജിത പൗരത്വം - ഒരു രാജ്യത്തു നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വമാണ് ആർജ്ജിത പൗരത്വം.**

**4. രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം**

**രാഷ്ട്രം പൗരന് രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും ഉറപ്പുനൽകുമ്പോൾ പൗരന് രാഷ്ട്രത്തോട് നിരവധി കടമകൾ ഉണ്ട്.**

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. രാഷ്ട്രം - നിർവചനം

ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

2. രാഷ്ട്രത്തിന്റെ ഘടകങ്ങൾ - ജനങ്ങൾ , ഭൂപ്രദേശം , പരമാധികാരം , ഗവൺമെന്റ്

3. ജനങ്ങൾ - a . ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി താമസിക്കുന്നവർ b. രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകം

c. പരസ്പര ധാരണ,പരസ്പര ആശ്രയത്വം,പൊതുതാൽപ്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങൾ ഒരുമയോടെ പ്രവർത്തിക്കണം

d. ഒരു രാജ്യത്ത് വേണ്ട ഏറ്റവും കുറഞ്ഞ ജനസംഖ്യയെത്രയെന്നോ,പരമാവധി എത്രയെന്നോ നിശ്ചയിക്കപ്പെട്ടിട്ടില്ല.

4. ഭൂപ്രദേശം - a. രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകം b. കൃത്യമായ അതിർത്തികളോടുകൂടിയ ഭൂപ്രദേശം രാഷ്ട്രത്തിന് വേണം

c. ഭൂപ്രദേശമെന്നാൽ കരയും,ജലമേഖലയും,വായുമേഖലയും ,തീരപ്രദേശവും ചേർന്നതാണ്

d. ഭൂപ്രദേശ വലുപ്പം രാഷ്ട്രരൂപീകരണത്തെ ബാധിക്കുന്നില്ല

5. ഗവൺമെന്റ് - a. രാഷ്ട്രത്തിന് അനിവാര്യമായ ഒരു ഘടകം

RATHEESH CV GHSS PERIKKALLOOR WAYANAD

b. രാഷ്ട്രത്തിനുവേണ്ടി നിയമം നിർമ്മിക്കുകയും, നടപ്പാക്കുകയും ,നീതി ഉറപ്പാക്കുകയും ചെയ്യുന്നത് ഗവൺമെന്റാണ്
c. വിവിധ രാജ്യങ്ങളിൽ വ്യത്യസ്തതരം ഗവൺമെന്റുകളാണ് നിലനിൽക്കുന്നത്
d. ഗവൺമെന്റുകൾ കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാണ്.എന്നാൽ രാഷ്ട്രം സ്ഥിരമാണ്.

6. പരമാധികാരം – a. ആഭ്യന്തരവിഷയങ്ങളിലും അന്തർദേശീയവിഷയങ്ങളിലും സ്വന്തമായ തീരുമാനമെടുക്കാനുള്ള രാഷ്ട്രത്തിന്റെ അധികാരമാണ് പരമാധികാരം. b. പരമാധികാരം ഉണ്ടെങ്കിൽ മാത്രമേ രാഷ്ട്രം നിലവിൽ വരുകയുള്ളൂ
c. രാഷ്ട്രത്തെ മറ്റു സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്ഥമാക്കുന്നത് പരമാധികാരമാണ്
d. പരമാധികാരത്തിന്റെ രണ്ട് തലങ്ങളാണ് ആഭ്യന്തരതലവും ,ബാഹ്യതലവും.

7. രാഷ്ട്രതന്ത്രശാസ്ത്രം – രാഷ്ട്രത്തെക്കുറിച്ചും,ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം.

8. രാഷ്ട്രതന്ത്രശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ
1. രാഷ്ട്രീയ സിദ്ധാന്തങ്ങൾ 2. അന്തർദേശീയ രാഷ്ട്രീയം 3. താരതമ്യ രാഷ്ട്രീയം 4. പൊതുഭരണം

9. രാഷ്ട്രതന്ത്രശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം
1. ജനങ്ങളിൽ പൗരബോധം വളർത്താൻ കഴിയും 2.സാമൂഹിക,രാഷ്ട്രീയ,സാമ്പത്തി പ്രശ്നങ്ങളിൽ യുക്തിപൂർവം ഇടപെടാൻ സഹായിക്കും
3. മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥയ്ക്ക് രൂപം നൽകാൻ സഹായിക്കും 4. രാഷ്ട്രത്തോടുള്ള കടമകൾ നിറവേറ്റും.

## അധ്യായം : 10 പൗരബോധം

## ഫോക്കസ് ഏരിയ നോട്ട്

**1. പൗരബോധം : ഓരോ പൗരനും സമൂഹത്തിനുവേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താൽപര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം**

**2. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ :**
**a. കുടുംബം b. വിദ്യാഭ്യാസം c. സംഘടനകൾ d. സാമൂഹിക വ്യവസ്ഥ e. മാധ്യമങ്ങൾ f. ജനാധിപത്യ വ്യവസ്ഥ**

**3. പൗരബോധം വളർത്തിയെടുക്കുന്നതിൽ കുടുംബത്തിന്റെ പങ്ക് :**
**a. മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിലേർപ്പെടാനും നാം പഠിക്കുന്നത് പ്രാഥമിക സ്ഥാപനമായ കുടുംബത്തിൽ നിന്നാണ്**
**b. അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നതിലും നിലനിർത്തുന്നതിലും കുടുംബം വലിയ പങ്കുവഹിക്കുന്നു.**
**c. കുടുംബത്തിൽനിന്നുള്ള പ്രചോദനവും പ്രോത്സാഹനവും പലപ്പോഴും ഉന്നതമായ പൗരബോധം വളർത്തും**

**4. പൗരബോധം രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് :**
**a. വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.**
**b. മൂല്യബോധം,സഹിഷ്ണത,നേതൃത്വഗുണം,പരിസ്ഥിതിബോധം,ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കും.**
**c. മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ സാധിക്കും.**
**d.ശാസ്ത്ര–സാങ്കേതിക വിദ്യകൾ സമൂഹത്തിന് ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കും.**

**5. പൗരബോധം വളർത്തുന്നതിൽ സംഘടനകളുടെ പങ്ക് :**
**a. രാഷ്ട്രീയവും,സാമൂഹികവും,സാമ്പത്തികവും,സാംസ്കാരികവുമായ നിരവധി സംഘടനകൾ സമൂഹത്തിലുണ്ട്.**
**b. ദേശീയബോധവും പൗരബോധവും വളർത്തുന്നതിൽ സംഘടനകൾ പ്രധാന പങ്കുവഹിക്കുന്നു**
**c. പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും വ്യക്തികളിൽ സൃഷ്ടിക്കാൻ സംഘടനകൾക്ക് സാധിക്കും.**
**d. അധികാരവും,അവകാശവും ലഭ്യമാക്കി ജനങ്ങളെ ശാക്തീകരിക്കുന്നതിൽ രാഷ്ട്രീയ സംഘടനകൾ വലിയ പങ്കുവഹിക്കുന്നു**
**e. ഓരോ വ്യക്തിയുടേയും ചിന്തയേയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്നതിൽ വിവിധ സംഘടനകളുടെയും പ്രത്യയശാസ്ത്ര കാഴ്ചപ്പാടുകളുടെയും സ്വാധീനം ഉണ്ട്.**

**6. പൗരബോധം വളർത്തുന്നതിൽ മാധ്യമങ്ങളുടെ പങ്ക് :**
**a. പൗരബോധം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. അച്ചടിമാധ്യമങ്ങളും ,ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നു**
**b. വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നത് മാധ്യമങ്ങളാണ്.**
**c. ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കും**
**d. മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം.മാധ്യമ വിവരങ്ങളെ നാം വിമർശനാത്മകമായി വിലയിരുത്തണം**

**7. പൗരബോധം – വെല്ലുവിളികളും പരിഹാരവും :**

| വെല്ലുവിളികൾ | പരിഹാരം / മറികടക്കാനുള്ള മാർഗ്ഗങ്ങൾ |
|---|---|
| **a. പൊതുതാൽപര്യങ്ങളെ അവഗണിച്ച് സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി**<br>**b. സ്വയം മാറാതെ മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുക**<br>**c. അവകാശങ്ങൾക്കു വാദിക്കുകയും ചുമതലകൾ മറക്കുകയും ചെയ്യുന്നു** | **a. പൊതുതാൽപര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക**<br>**b. മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്ന് തുടങ്ങുക**<br>**c. അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യ പരിഗണന നൽകുക**<br>**d. സ്വന്തം പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക** |

## നോൺ ഫോക്കസ് ഏരിയ നോട്ട്

1. പൗരൻ : ആധുനിക സമൂഹത്തിലെ ഓരോ അംഗവും പൗരൻ എന്നറിയപ്പെടുന്നു

RATHEESH C V GHSS PERIKKALLOOR WAYANAD

2. പൗരബോധത്തിന്റെ പ്രാധാന്യം :

a. സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും പുരോഗതിക്ക് പൗരബോധം അനിവാര്യമാണ്

b. പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർത്ഥനാകുകയും എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടങ്ങൾക്കുവേണ്ടി മാത്രമാവുകയും ചെയ്യും. ഇത് സാമൂഹിക ജീവിതത്തെ പ്രതികൂലമായി ബാധിക്കും.

c. പൗരബോധമില്ലാത്ത സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാവുകയില്ല.

d. ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവും ഉറപ്പാക്കുന്നതിനും,മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും പൗരബോധം അനിവാര്യമാണ്.

3. പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും :

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ -നമുക്ക് എന്തെല്ലാം ചെയ്യാം ? |
|---|---|
| ജലക്ഷാമം | a. കാര്യക്ഷമതയോടെയുള്ള ഉപയോഗം b. മഴവെള്ളസംഭരണം, c. ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുക |
| പരിസരമലിനീകരണം | a. ഉറവിടങ്ങളിൽ തന്നെ മാലിന്യ സംസ്കരണം നടത്തുക b. മരങ്ങൾ വച്ചുപിടിപ്പിക്കുക, c. പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ഒഴിവാക്കുക |
| അഴിമതി | a. അഴിമതിക്കെതിരായ ബോധവൽക്കരണം, b.പരാതിപ്പെടൽ c. അഴിമതിയിൽ ഒരു രീതിയിലും പങ്കാളിയാകാതിരിക്കുക |

4. പൗരബോധത്തിന്റെ അടിസ്ഥാനം : ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ സമൂഹനന്മയ്ക്കുവേണ്ടിയാകുമ്പോൾ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുമെന്ന തിരിച്ചറിവാണ് പൗരബോധത്തിന്റെ അടിസ്ഥാനം.

5. പൗരബോധം വളർത്തുന്നതിൽ ജനാധിപത്യവ്യവസ്ഥയുടെ പങ്ക് :

a. പൗരബോധത്തിന്റെ അനിവാര്യമായ ഒരു ഘടകമാണ് ജനാധിപത്യം.പൗരബോധം വളർത്താൻ സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ഇതാണ്.

b. ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി ജീവിതശൈലികൂടിയാണ്.

c. ജനാധിപത്യം സഹജീവികളെക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം,സമത്വം,അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തിക്കാനും വ്യക്തികളെ പ്രേരിപ്പിക്കും

d. ജനാധിപത്യം നിയമവാഴ്ചയിൽ വിശ്വസിക്കുന്നു.മറ്റുള്ളവരിൽനിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുകയെന്നത് ഉയർന്ന ജനാധിപത്യബോധത്തിന്റെ അടയാളമാണ്.

6. പൗരബോധം രൂപപ്പെടുന്നതിന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ :

ജൈവകൃഷി, ട്രാഫിക് ബോധവൽക്കരണം, ലഹരിവിരുദ്ധ പ്രവർത്തനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ

7. പൗരബോധമുള്ള വ്യക്തികളുടെ പ്രവർത്തനങ്ങളിൽ കാണാൻ കഴിയുന്ന സവിശേഷതകൾ :

a .നിസ്വാർത്ഥത b. അർപ്പണബോധം c. സാമൂഹിക പ്രതിബദ്ധത d. മൂല്യബോധം e.വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യബോധവും

8. പൗരബോധവും ധാർമ്മികതയും :

a. ധാർമ്മികത : നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയും ചെയ്യുന്നതാണ് ധാർമ്മികത

b. ധാർമ്മികത പൗരബോധത്തെ സഹായിക്കുന്നു.എന്നാൽ അധാർമ്മികത പൗരബോധം ഇല്ലാതാക്കുന്നു

c. എല്ലാ പ്രവർത്തനങ്ങളുടെയും അടിത്തറ ധാർമ്മികതയാണ്.സമൂഹത്തോടും രാഷ്ട്രത്തോടുമുള്ള കടമ നിറവേറ്റുക ഓരോ വ്യക്തിയുടെയും ധർമ്മമാണ്.

d. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമ്മികബോധം സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഫലപ്രദമായ മാർഗ്ഗം.

9. സമൂഹത്തിൽ നടക്കുന്ന ധാർമ്മിക-അധാർമിക പ്രവർത്തനങ്ങൾ :

| ധാർമ്മിക പ്രവർത്തനങ്ങൾ / സംഭവങ്ങൾ | അധാർമിക പ്രവർത്തനങ്ങൾ / സംഭവങ്ങൾ |
|---|---|
| a. ജോലി ചെയ്ത് പണം സമ്പാദിക്കുന്നു<br>b. പൊതുമുതൽ സംരക്ഷിക്കുന്നു<br>c. സഹജീവികളെ സഹായിക്കുന്നു | a. മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം സമ്പാദിക്കുന്നു<br>b. പൊതുമുതൽ നശിപ്പിക്കുന്നു<br>c. സഹജീവികളെ ദ്രോഹിക്കുന്നു |

10.പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്രപഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം :

a. വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു

b. രാഷ്ട്രീയ -സാമൂഹിക -സാമ്പത്തിക -പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു

c. വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു

d. സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു

11. പൗരബോധത്തിന്റെ ഉത്തമ മാതൃകകളായ വ്യക്തികൾ :

കല്ലേൻ പൊക്കുടൻ, ഹജ്ജബ്ബ, മദർ തെരേസ, മയിലമ്മ, ദശരഥ് മാഞ്ചി, എ പി ജെ അബ്ദുൾ കലാം.

## അധ്യായം : 11 സമൂഹശാസ്ത്രം : എന്ത് ? എന്തിന് ?

## ഫോക്കസ് ഏരിയ നോട്ട്

**1. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ മൂന്ന് വിപ്ലവങ്ങൾ :**

**a. ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം b. ഫ്രഞ്ച് വിപ്ലവം c. വ്യാവസായിക വിപ്ലവം**

**2. സമൂഹശാസ്ത്രത്തിന് അഗസ്റ്റ് കോംതെ,ഹെർബർട്ട് സ്പെൻസർ എന്നിവരുടെ സംഭാവന :**

| അഗസ്റ്റ് കോംതെ | ഹെർബർട്ട് സ്പെൻസർ |
|---|---|
| a. ഫ്രഞ്ചുകാരനായ കോംതെയുടെ ചിന്തകളാണ് സമൂഹശാസ്ത്ര പഠനത്തിന് അടിത്തറ പാകിയത്. | a. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തതത്ത്വങ്ങൾ സമൂഹ പഠനത്തിന് പ്രയോജനപ്പെടുത്തി |

RATHEESH C V GHSS PERIKKALLOOR WAYANAD

| | |
|---|---|
| b. കോംതെ രൂപപ്പെടുത്തിയ വിജ്ഞാനമേഖലയെ ആദ്യം സാമൂഹിക ഭൗതിക ശാസ്ത്രമെന്നും പിന്നീട് സമൂഹശാസ്ത്രം (സോഷ്യോളജി) എന്നും വിളിച്ചു.<br>c. അഗസ്റ്റ് കോംതെയാണ് സമൂഹശാസ്ത്രത്തിന്റെ പിതാവ് | b. ജീവശാസ്ത്രപരമായ പരിണാമം പോലെതന്നെ മനുഷ്യ സമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥയിലെത്തിച്ചേർന്നതെന്ന് വ്യക്തമാക്കി. |

3. പ്രധാന പാശ്ചാത്യ (യൂറോപ്യൻ) സമൂഹശാസ്ത്ര ചിന്തകർ :

അഗസ്റ്റ് കോംതെ, ഹെർബർട്ട് സ്പെൻസർ, കാൾ മാർക്സ്, എമൈൽ ദുർഖിം, മാക്സ് വെബർ

4. സമൂഹശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പഠനരീതികൾ :

a. സോഷ്യൽ സർവേ b. അഭിമുഖം c. നിരീക്ഷണം d. കേസ് സ്റ്റഡി

5. സോഷ്യൽ സർവേ :

a. സാമൂഹിക വിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു പഠനരീതിയാണിത്.

b. തെരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽനിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സർവേ സഹായിക്കുന്നു.

c. സാമൂഹിക സർവേയിൽ വിവരശേഖരണത്തിന് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലികൾ ഉപയോഗിക്കുന്നു.

d. വിവരശേഖരണത്തിന് ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി.

e. പഠനവിധേയമാക്കുന്ന സംഘമാണ് പ്രതികർത്താക്കൾ.ചോദ്യാവലി ഇവർക്ക് നൽകിയാണ് വിവരശേഖരണം നടത്തുന്നത്.

f. പ്രതികർത്താക്കൾ പൂരിപ്പിച്ച് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തുന്നു.

6. അഭിമുഖം :

a. സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിന് ഉപയോഗിക്കുന്ന ഒരു രീതിയാണിത്.

b. വാമൊഴിയായി വിവരം ശേഖരിക്കുന്ന രീതിയാണിത്.

c. ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം.

d. വ്യക്തികളുടെ മനോഭാവം,കാഴ്ചപ്പാട്,വിശ്വാസം,ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മ തലത്തിൽ അറിയുന്നതിനും വിശകലനം നടത്തുന്നതിനും ഉപയോഗിക്കുന്ന രീതിയാണ് അഭിമുഖം.

7. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :

a. ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ b. ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ

c. ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ d. ഫലവത്തായ രീതിയിലുള്ള ആശയവിനിമയം

e. സമയക്രമീകരണം f. ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും

8. അഭിമുഖവും ചോദ്യാവലിയും തമ്മിലുള്ള വ്യത്യാസങ്ങൾ :

| അഭിമുഖം | ചോദ്യാവലി |
|---|---|
| വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു | വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നു |
| ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു | പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു |
| വിവരശേഖരണത്തിന് ചോദ്യാവലി മുൻകൂട്ടി തയ്യാറാക്കുന്നു | ചോദ്യങ്ങൾ വായിച്ച് ഉത്തരം കണ്ടെത്തി രേഖപ്പെടുത്തുന്നു |

9. നിരീക്ഷണം :

a. സമൂഹശാസ്ത്രപഠനത്തിലെ അടിസ്ഥാനപരമായ രീതിയാണ് നിരീക്ഷണം.

b. കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം

c. അഭിമുഖം പോലുള്ള രീതികൾ പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിലും മറ്റും നിരീക്ഷണരീതിക്ക് ഉയർന്ന സാധ്യതയുണ്ട്.

10. നിരീക്ഷണം രണ്ടു തരത്തിലുണ്ട് – പങ്കാളിത്ത നിരീക്ഷണം , പങ്കാളിത്ത രഹിത നിരീക്ഷണം

11. പങ്കാളിത്ത നിരീക്ഷണം :

a. നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണിത്.

b. സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണിത്.

c. ഇതിനായി ഗവേഷകൻ അവരുടെ ഭാഷ,സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു.

d. ഇതുവഴി പ്രകടമല്ലാത്ത പെരുമാറ്റരീതികൾ വരെ പഠനവിധേയമാക്കാൻ കഴിയുന്നു.ഇതിനെ ഫീൽഡ് വർക്ക് എന്നും വിളിക്കാറുണ്ട് .

12. പങ്കാളിത്ത രഹിത നിരീക്ഷണം : ഇതിൽ സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

13. കേസ് സ്റ്റഡി :

a. അപൂർവവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കാനാണ് കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നത്.

b. ഇത്തരം പഠനങ്ങൾ സൂക്ഷ്മവും സമഗ്രവുമായിരിക്കും.

c. ഈ പഠനരീതി ഉപയോഗിച്ച് പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്ന് പറയുന്നു.

d. കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്ററഡി.

RATHEESH C V GHSS PERKKALLOOR WAYANAD

## നോൺ ഫോക്കസ് ഏരിയ നോട്ട്

1.സർഗ്ഗരചനയും സമൂഹശാസ്ത്ര പഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ :

| സർഗ്ഗരചന | സമൂഹശാസ്ത്ര പഠനം |
|---|---|
| a. ഭാവന ,സർഗ്ഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു<br>b. സാമൂഹിക സംഭവങ്ങളെ സൗന്ദര്യാത്മകതലങ്ങളിൽ ആവിഷ്കരിക്കുന്നു<br>c. സർഗരചന ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു | a. സാമൂഹിക പ്രതിഭാസങ്ങൾ വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.<br>b. സാമൂഹികാവസ്ഥകളെ കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു<br>c. സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു |

2. സാമൂഹ്യശാസ്ത്രശാഖകൾ :

| | |
|---|---|
| സാമ്പത്തിശാസ്ത്രം | സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം |
| ചരിത്രം | കഴിഞ്ഞകാലത്തെക്കുറിച്ചും സംസാകാരത്തെക്കുറിച്ചുമുള്ള അന്വേഷണം |
| രാഷ്ട്രതന്ത്രശാസ്ത്രം | രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം |
| നരവംശശാസ്ത്രം | മനുഷ്യ ഉൽഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം |
| മനശ്ശാസ്ത്രം | മനുഷ്യമനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം |

3. സമൂഹശാസ്ത്രം :

മനുഷ്യജീവിതത്തിന്റെ സാമൂഹികവശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം.മനുഷ്യനും സാമൂഹിക ചുറ്റുപാടും തമ്മിലുള്ള ബന്ധം സമഗ്രമായി പഠനവിധേയമാക്കുന്ന വിഷയമേഖലയാണ് സമൂഹശാസ്ത്രം.

4. ഇന്ത്യയിലെ സമൂഹശാസ്ത്ര പഠനം :

a. ഇന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ഉടക്കത്തിൽ സമൂഹശാസ്ത്രപഠനം ആരംഭിച്ചു.

b. ബോംബെ സർവകലാശാലയിലാണ് ആദ്യ സമൂഹശാസ്ത്ര പഠനവകുപ്പ് ഉടങ്ങിയത്.

c. ജി എസ് ഘുര്യേ, A R ദേശായി, M N ശ്രീനിവാസ് , D P മുഖർജി എന്നിവർ ഇന്ത്യൻ സമൂഹശാസ്ത്രത്തിന് സംഭാവനകൾ നൽകി

5. സമൂഹശാസ്ത്രപഠനം എന്തിന് ? സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം / പ്രസക്തി :

a. സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണരൂപീകരിക്കാൻ സഹായിക്കുന്നു.

b. സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.

c. സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷമമായി പഠിക്കുന്നു.

d. സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.

6. സമൂഹശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ :

a. സാമൂഹിക സ്ഥാപനങ്ങൾ b. സാമൂഹിക സംഘങ്ങൾ c. സാമൂഹിക ബന്ധങ്ങൾ

d. സാമൂഹീകരണം e. സാമൂഹിക നിയന്ത്രണം f. സാമൂഹിക പ്രശ്നങ്ങൾ

7. സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ എന്തെല്ലാം :

a. ജനക്ഷേമകരമായ ജനാധിപത്യ ഗവൺമെന്റുകൾ ഭരണ ആസൂത്രണ മേഖലകളിൽ പരിശീലനം നേടിയ സാമൂഹ്യശാസ്ത്രജ്ഞരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

b. വാണിജ്യം,നഗരാസൂത്രണം,സാമൂഹികക്ഷേമം,പരസ്യം,വാർത്താവിനിമയം,വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉടങ്ങിയ ഒട്ടേറെ മേഖലകളിൽ സമൂഹശാസ്ത്രത്തിന് പ്രയോഗസാധ്യതകളുണ്ട്.

RATHEESH C V GHSS PERIKKALLOOR WAYANAD